


## രണ്ടാം ഭാഗം

# ആൺപാട്ടുകൾ


വാഴുടെ നായൻ 116
ആദത്തിന്റെ ചിന്ത് 117
യൌനാൻ നിവ്യായുടെ ചിന്ത് 117
മാർ യോഹന്നാൻ മാംദാനായുടെ ചിന്ത് 118
മിശിഹായുടെ ചിന്ത് 119
മാർ ഗീവറുഗീസ് സഹദായുടെ ചിന്ത് 120
നാലു പള്ളിയുടെ ചിന്ത് 122
കോട്ടയത്തു വലിയപള്ളിയുടെ കുരിശിന്റെ ചിന്ത് 127
കല്ലിശ്ശേരി പള്ളിയുടെ ചിന്ത് 128
ഉഴവൂർ പള്ളിയുടെ ചിന്ത് 129
കോട്ടയത്ത് ഇടയ്ക്കാട്ടുപള്ളിയുടെ ചിന്ത് 130
കുമരകത്ത് പുത്തൻപള്ളിയുടെ ചിന്ത് 136
കണ്ണങ്കര പള്ളിയുടെ ചിന്ത് 137
കല്യാണ പാദങ്ങൾ 139
മാർഗ്ഗംകളിപ്പാട്ട് 142
മംഗള ഗാനം 154

## രണ്ടാം ഭാഗം

# ആൺപാട്ടുകൾ*

## വാഴുടെ നായൻ

വാഴുടെ നായനേ തുണചെയ്ക താനൊഴികെയാരുമില്ലേ
വൻപുടയോർകൾ ശാസന ചെയ്കിൽതാൻ തുണചെയ്‌വവർക്ക്
ഊഴിയിലാരുമില്ലടിയനുറച്ചോരു ബന്ധുവയ്യോ
ഉത്തമനേ അകത്തഴൽ വീണകക്കനവും കുറഞ്ഞ്
പാഴുവരുന്നതോ ഇവനെന്നറിഞ്ഞുകൊൾവാനുപായം
പാത്തു ചിരിച്ചിരിപ്പു ജനങ്ങളൊണ്ടിരുപറടുമേന്മേൽ
പാഴുവരാതെ താങ്ങുക താൻ തരപ്പെടുമാറതിപ്പോൾ
താശിയുടെ പടത്തവനെ തുണച്ചരുൾ തമ്പുരാനെ
വാഴുടെ നായൻ നായനെന്നു പിന്നെയുമങ്ങിരുന്നാൽ
വാഴ്‌വതു കിട്ടും ചെമ്മൈവരുത്തും വാനമതിൽ ക്രമേണ
ബോധവുമില്ല ബുദ്ധിയുമില്ല ശക്തിയുമില്ലായെന്നിൽ
പോരുവതിനുടൻ നിനവില്ല ഞാനറിയാത്ത പൈതൽ
പൈതലായ ബാലകുമാരൻ ഞാൻ കൃതി പാടുന്നേരം
വൻപു നിനച്ചോരുത്തരെതിർത്തുവന്നെതിരിട്ടിടല്ലേ
വല്ലഭമില്ല ചൊല്ലുവതിന്നോർത്തഴൽ പൂണ്ടിനിക്ക്
വൻവിനതീർത്തു മഹാജനമേ തുണച്ചരുൾ തമ്പുരാനെ.

---

* ആലപ്പനാദി, ആലാമെല്ലാമുടെ മുതലായി ആൺപാട്ടിന്റെ ആരംഭത്തിൽ പാടുന്ന പാട്ടുകൾ ഈ പുസ്തകത്തിന്റെ ആദ്യ ഭാഗത്തു കല്യാണ വിവരണം ചേർത്തിരിക്കുന്നതിനോടുകൂടിയുള്ള കല്യാണപ്പാട്ടുകൾ പാടേണ്ട ക്രമം കാണിക്കുന്ന കുറിപ്പിൽ ഇത്രാം ഭാഗത്തു ചേർത്തിട്ടുണ്ടെന്നു കാണിച്ചിട്ടുണ്ട്.

# ആദത്തിന്റെ ചിന്ത്

അമ്പിനോടെ ബാവാതന്റെ അരുളാലെയാദത്തെയും
സൃഷ്ടിച്ചവനിൽ നിന്നങ്ങെടുത്ത അസ്ഥികൊണ്ടു
നിർമ്മിച്ചിതവ്വാ തന്നെയും
ആദത്തോടുമൗവ്വായോടും നന്മതിന്മകൾയരുൾചെയ്തു
ഉന്നതപറുദീസായങ്ങതിലൊരു വൃക്ഷം
അക്കനിതിന്നരുതെന്ന്
ആയതിനെ കേട്ടു സാത്താൻ നാഗത്തിനകത്തു പൂക്കു
നന്നിതെന്നവർകളെ പറഞ്ഞു പിഴപ്പിച്ചോ-
രസുരകുലമിതെന്ന്
എന്നശേഷം കന്നിയുമ്മാ പിറന്നു ഭൂവിടത്തുങ്കൽ
വളർന്നു ദിവ്യതയും ഭക്തിയും മുഴുത്തിട്ട്
മാലാഖാ വചനിച്ചെന്ന്
ആലാഹാതൻ വചനത്താൽ ജനിച്ചുടൻ മിശിഹായും
പിറന്നു ബേതലയിൽ തിരിഞ്ഞു കുമ്മിട്ടുമ്മാ
എടുത്തു മുലകൊടുത്തു
ഗബ്രിയേൽ വന്നറിയിച്ചു ഉണ്ണിയിൽ പകയുണ്ടെന്ന്
യൌസേപ്പും മറിയവും ഉണ്ണിയും കൂടെപ്പോയി
മെസറേൻ പുകിന്തശേഷം
മിശിഹാതൻ ശിഷ്യരോടു ശാസ്ത്രങ്ങളെ പ്രസംഗിച്ചു
കള്ളനായ് മിശിഹായെ വിളിച്ചു യൂദന്മാരും
തറച്ചു കുരിശതിന്മേൽ
മരിച്ചു മൂന്നാകുംദിനം ഉയിർത്തുടൻ മിശിഹായും
ആദമെന്നവൻ തന്റെ പിഴകൾ പൊറുത്തൊരു
മിശിഹാ ശരണമെന്ന്.

# യൌനാൻ നിവ്വായുടെ ചിന്ത്

അമ്പിനോടെ ബാവാ താനരുൾചെയ്തു യൗനാനോട്
വമ്പേറും യവുനാനേ പോകണം വൈകിടാതെ
നിനുവയെന്ന രാജ്യത്തിൽ
ഉണ്ടവിടെ പലജനം ഒരുവനെന്നറിവില്ല
കടുകപ്പിഴപ്പെടും മുമ്പേ ചെന്നവരോട്
മാർഗ്ഗം നീ അറിയിക്കെന്ന്
അല്ലയെങ്കിലിവർകളെ അഗ്നിയാൽ ഞാനൊടുക്കുവേൻ
പോവതിനനുജ്ഞയും കൊടുത്തു ബാവാതാനും
യവുനാൻ തന്നെയുമന്ന്

പോവാനായിട്ടവൻതാനും പുറപ്പെട്ട നേരത്തുങ്കൽ
വിരവിൽ മരക്കലമോടുന്ന നേരം കണ്ട്
കരേറി കപ്പലിലന്ന്
ഓടുവാനായ് പരദേശി പാകൊടുത്ത നേരത്തുങ്കൽ
ഓടാതെ നടുക്കടൽ തന്നിലങ്ങുറച്ചിതു
പെരുത്ത കപ്പലിതെന്ന്
പിഴയാളരിതിലുണ്ടെന്നറിവാളർ നിരൂപിച്ചു
കണക്കു കൂറിട്ടപ്പോളറിഞ്ഞു പിഴയാളി
യവുനാൻ തന്നെയുമെന്ന്
ആകുലമോടവൻതാനും പറഞ്ഞിതങ്ങവരോട്
എന്നെയീനടുക്കടൽ തന്നിലങ്ങിട്ടീടുക
നിങ്ങൾക്കു പോകണമെങ്കിൽ
അതുകേട്ടങ്ങവർതാനും തള്ളിയിട്ടു വൻകടലിൽ
താശിയാൽ വൻമീൻ കണ്ടങ്ങെടുത്തു വിഴുങ്ങിനാൻ
യവുനാൻ തന്നെയുമെന്ന്
അകത്തു തിക്കലുകൊണ്ടിട്ടഴൽപൂണ്ടവൻ താനും
ദീനത പൂണ്ടിട്ടവൻ നടന്നു മൂന്നുനാളെ
വൻകടലിടയാതെ
ആകുലമോടവൻതാനും കരയടുത്തഴലോടെ
കരയ്ക്കുകൊണ്ടാക്കി കാറ്റുമേറ്റു ജീവിച്ചോ-
നെവുനാൻ നിവിയായന്ന്
അന്നവന്റെ മതിപ്പാലെ ചുരപ്പന്തൽ തണൽകൊടുത്തു
സ്തുതിച്ചങ്ങൊരുവനെ മനസ്സിൽ നിരൂപിച്ചു
ബാവാ നീ പിഴ പൊറുക്ക.

# മാർ യോഹന്നാൻ മാംദാനയുടെ ചിന്ത്

ആലഹാ തന്നരുളാലെ മാനുഷനായി പിറന്നൊരു
മാർ യോഹന്നാൻ തന്നുടെ പദവി പറവാനൊ-
ട്ടരിപ്പമധികമുണ്ട്
ആദരാൽ മായവന്റെ മുന്നൽ വസിച്ചീടുവാനായ്
അമ്പോടു സൃഷ്ടിച്ചൊരു മാലാഖാമാരിൽ നിന്ന-
ങ്ങൊരുവനിവനിതെന്ന്
ഇഭൂവനിൽ മാനുഷർക്കുത്ഭവദോഷമുള്ളതിനെ
ഉമ്മാതന്നുദരത്തിൽ നിന്നുടൻ നിഴൽ കണ്ടു
തീർന്നിവനിവനിതെന്ന്
ഈശോ തന്റെ തിരുനാമം ഈഴൽ കൂടാതറിയിപ്പാൻ
ചേർച്ചയിലെളയമ്മ ഏലീശ്വാതങ്കൽ നിന്നു
ജനിച്ചോനിവനിതെന്ന്

ഉറ്റടിയാർക്കേറ്റദോഷം മൃത്യുചെയ്തു വീണ്ടവനാം
പുത്തിരൻ മണവാളൻ തന്നുടെ തോഴനായി
പിറന്നോനിവനിതെന്ന്
ഊനമാകെച്ചെയ്തവർക്കു മൂലമായിട്ടാഞ്ചുകളാൽ
പോയി കാനനം പുക്കിട്ടവരോടണഞ്ഞുടൻ
പൊറുത്തോനിവനിതെന്ന്
എന്നുതന്നെയുമല്ലധികമേറ്റമായിട്ടുണ്ടു പിന്നെ
യാവന നാരാദികൾക്കുള്ളതു ഭുജിക്കാതെ
വളർന്നോനിവനിതെന്ന്
ഏകനാഥൻ ദേഹദേഹികൾ രണ്ടിനേയും വാണിടുന്നോൻ
തന്നുടെ വഴി ചൊല്ലി സന്തതമെല്ലാനാളും
ചിന്തിച്ചോനിവനിതെന്ന്
ഐവർവന്നു തങ്കലായിട്ടിന്നിതു നീ ചെയ്കയെന്ന്
എന്നവൻ ചൊല്ലുകേട്ടിട്ടിമ്പമായ് മാമ്മോദീസാ
മുക്കിയോനിവനിതെന്ന്
ഒന്മയേറും മാമ്മോദീസാ നന്മയേറും നായനാലെ
കണ്ടതിലധികമായ്ക്കണ്ടുടൻ കൈകൾകൂപ്പി
കൈക്കൊണ്ടോനിവനിതെന്ന്
ഓർത്തുനാഥനാശ്ചരിയം കീർത്തിയാലെ തീർത്തുപേശി
നാസ്തി നാരിമാർകുലം പെറ്റതിലേവരിലും
പെരിയോനിവനിതെന്ന്
ഔവനമേ രാജരാജൻ മിശിഹായാമേകരാജൻ
തങ്കൽനിന്നുളവായ വാക്കുപോൽ നടന്നുടൻ
മരിച്ചോനിവനിതെന്ന്
അക്കനമേ അടിയന്റെ ഉൾക്കനം ശുദ്ധിയെച്ചെയ്ത്
വെക്കമാലാഹാതങ്കൽ ചേരുവാനവകാശം
വരുത്തുമിവനിതെന്ന്.

# മിശിഹായുടെ ചിന്ത്

അൻപരിലൻപതുചേരും ആലാഹാ പുത്തിരനീശോ
അവനിയതിൻ മുമ്പിലാദത്തിനുണ്ടായൊരു
ദോഷത്തെ തീർപ്പതിന്നായി
ആയവൻതൻ മുന്നറിവാലായതിന്നായ് മൂശയാദി
നിവ്യരാമിവർവാക്കങ്ങാകവെ തികപ്പാനായ്
മുതിർന്നു ദൈവപുത്രനും
ഇമ്പമോടെയിസ്രായേലിൽ പുണ്യപൂർണ്ണാ കന്നി തന്നിൽ
ഹിതത്തോടാലാഹായും ഇവർക്കു സ്വത്വം ചൊല്ലി-
ട്ടിരിപ്പാനിടവുമാക്കി

ഈഴൽക്കൂടാതിവൾജഡമീശൻ താനും കൈക്കൊണ്ടിട്ട്
ഈശനിലേകമാക്കിയീവണ്ണം ക്ഷീരത്തിലെ
ദധിക്കുവുറപോലന്ന്
ഉത്തമത്താൽ ശരിയായി ഉണർവായ കന്നി തന്നിൽ
ഉയിരിനുടയവനുണർവ്വാൽ പുഷ്പഗന്ധം
കലരുമതുപോലന്ന്
ഊഴിതന്നിൽ ബേതലമേൽ ഊനമെന്യേ നല്ലിടയൻ
ഉപദ്രവത്തെ തീർപ്പാൻ ഉറച്ച കോട്ടയായി-
പ്പിറന്നോനിവനിതെന്ന്
എത്രയുംമേൽ ഭക്തിപൂണ്ടങ്ങെളിമയാം രത്നദേഹം
എടുത്തു ആലാഹായെ ഉയർത്തിക്കരങ്ങളി-
ലണച്ചു മാർവിലമ്മാറ്
ഏകലാലെ പൈതലീശോയ്ക്കേറോദേസു പകയുണ്ടെ-
ന്നേശ്ശ്യാ അറിവാളനെഴുത്തുതികപ്പാനായ്
എടുത്തു മിസറേനില്
ഐയർ ഗൂഢമായവേദം അയ്യർ സുതൻ തന്നോടന്ന്
അയ്യർ താനപേക്ഷിച്ചിട്ടയ്യർതൻ നാമത്താലെ
നൽകിടും നന്മയേറ്റവും
ഒത്തശക്തി മൂന്നുവൊന്നായ് ഒരുമിച്ചങ്ങുളവായി
ഒരുവൻ ബാവായുമങ്ങുപവിയാൽ പുത്രൻ താനും
ഒരുവൻ രശ്മി റൂഹായും
ഓർത്തുകണ്ടു വല്ലഭൻ തന്നുപവിയാലെ ശാസ്ത്രമെല്ലാം
ഒക്കെയും തികച്ചുടനുപവിയാൽ മരിച്ചുയ-
ർത്തെടുത്തു പുരി മോക്ഷത്തിൽ
അവ്വനമെ നാഥനീശോ ഔഷധമായി നമ്മിലിങ്ങ്
ഔഷധശ്രേഷ്ഠൻ തന്നോടാവോളമിരപ്പോർക്കു
നൽകീടും നന്മയേറ്റവും
അക്കനമെയിവർനാമം ഉൾക്കനത്തിൽ ഭുജിപ്പോർക്ക്
കൽമഷം കൂടാതുള്ള നന്മകൾ വരുത്തീടും
ആലാഹാ തുണച്ചരുൾക.

# മാർ ഗീവറുഗീസ് സഹദായുടെ ചിന്ത്

അമ്പിനോടെ ഗീവറുഗീസെന്ന വമ്പൻ തന്നുടെയ
വമ്പേറും പദവികൾ പറവാൻ ആലാഹാ താൻ
തുണയ്ക്ക അടിയനിന്ന്
ആദിനാഥൻ തന്നുടയ വേദമെന്ന വിത്തുമുന്നം
വിതച്ച വഴി തെളിച്ചതിനെ വളർപ്പാനായ്
മുതിർന്നോനിവനിതെന്ന്

ഇമ്പമോടെ കലങ്ങടെ തുമ്പമൊഴിച്ചവൻ താനും
തമ്പുരാൻ തനിക്കവൻ ദത്തുടെ പുത്രനായി-
പ്പിറന്നോനിവനിതെന്ന്
ഈശോ തന്റെ തിരുനാമം ഈഷൽ കൂടാതറിയിപ്പാൻ
കല്പന തപ്പാതവൻ കെല്പോടെ മാമ്മോദീസാ
കൈക്കൊണ്ടോനിവനിതെന്ന്
ഉത്തമനാം മിശിഹായുടെ ഭൃത്യനായ ഗീവറുഗീസ്
സത്യമായുള്ള വേദം പൃഥ്വിയിലെങ്ങും നീളെ
ശ്രദ്ധയായ് നടത്തും കാലം
ഊറ്റനാം ദിയക്ലസ്യാനോസേറ്റവും മുഷ്ക്കുള്ള രാജൻ
മാറാനാമീശോ തന്റെ മാർഗ്ഗത്തെ മുടിപ്പാനായ്
ഏറ്റവും കൊടൂരമായി
എന്ന വാർത്ത കേട്ടു ഭക്തൻ ഗീവറുഗീസെന്ന വൻപൻ
ഏറ്റവും തെളിവുള്ള സ്ഥാനവും ദാനം നൽകി
പുക്കവൻ ഭൂപതി മുന്നിൽ
ഏകനാഥനീശോ തന്റെ സേവകനായുള്ളവൻ താൻ
എന്തു നിൻ മനസ്സായാൽ ചിന്തപോലാകട്ടെന്നു
ചൊല്ലിനാൻ ദൈവഭക്തൻ താൻ
ഐയ്യർ തന്റെ മറുഭാഗം ദ്യക്ലസ്യാനോസെന്ന രാജൻ
അരിശം നിറഞ്ഞവനരുളി സഹദായെ
പിടിച്ചുതുയർപെടുത്തി
ഒത്തുകൂടീട്ടവർ ചെയ്ത ശിക്ഷചൊൽവാനളവില്ല
അസ്ഥികൾ കാണുമാറു ശിക്ഷകൾ ചെയ്തുകൊണ്ടു
ഇട്ടവർ വിലങ്ങിടത്തിൽ
ഓവിയാലെ നായനീശോ ഓമനചെയ്തവൻ ദേഹം
അരുളി സഹദേന്മാർ കുലത്തിൽ പ്രാബല്യനായ്
അനുജ്ഞ പലവിധത്തിൽ
ഔവനമേഴാണ്ടവന്റെ യൗവനം കുറച്ചു പിന്നെ
മരിച്ചു ചതിരൂഴം ഉയിർത്തു രാജകുലം
മുടിച്ചു മോക്ഷം പ്രാപിച്ചു
അക്കനമെ അടിയന്റെ ഉൾക്കനാശുദ്ധിയെ തീർത്ത്
വെക്കമേ ആലാഹാതൻ ദക്ഷിണഭാഗത്താക്കി
രക്ഷിക്കും വറുഗീസെന്നെ

# നാലു പള്ളിയുടെ ചിന്ത്

1 കടുത്തുരുത്തി വലിയപള്ളി

ആലാഹാതന്നരുളാലെ മാറാനീശോ മിശിഹാടെ
വാഴും നവൂകളും നമുക്കു ലഭിപ്പാനായ്
മുന്നമേ സ്തുതിച്ചീടുന്നു
കടുത്തുരുത്തിയുദിയംപേരൂർ കോട്ടയം ചുങ്കത്തില്
ഇങ്ങനെ നാലു പള്ളി കൂട്ടികെട്ടിയ ചിന്ത്
ചൊല്ലുവാൻ തുടങ്ങുന്നിപ്പോൾ
ഇച്ചിന്തു കേൾക്കുന്നവർക്കനുകൂലമുണ്ടായ്‌വരുവാൻ
നന്മനിറഞ്ഞ കന്നിയിമ്പമടിയാർക്ക്
തുണചെയ്തീടുകവേണം
ആകാശം ഭൂമിയുണ്ടായിട്ടാറു ചെന്നവെള്ളി തന്നിൽ
ആദത്തെ സൃഷ്ടിച്ചു തന്നസ്ഥികൊണ്ടവ്വായേയും
നിർമ്മിച്ചുവച്ചശേഷത്തിൽ
വച്ചു പറുദീസാ തന്നിൽനിന്നു നീക്കി ആദത്തിനെ
മൂന്നു പെട്ടകമതു കരുതിയിരുന്നവൻ
കാഴ്ചവെപ്പതിനായിട്ട്
ആദത്തിന്റെ മൂത്തമകൻ തമ്പിയെ വധിച്ചമൂലം
ആദവുമാലാഹായും വാഴ്‌വും കൊടുത്തിതു
സേതുവാം മൂന്നാംമകന്
ശാപമേറ്റ കായേനെ ബന്ധിക്കരുതെന്നരുൾചെയ്തു
ശാപവും മറന്നവർ തങ്ങളിൽ ഭേദിച്ചുടൻ
ദോഷപ്പെട്ടവർകളെല്ലാം
ഇഷ്ടനായ നോഹുതന്റെ ആറുനൂറാം വയസ്സിങ്കൽ
ഈ ഭുവനങ്ങളൊക്കെ മുടിച്ചു വെള്ളത്താലെ
ശേഷിച്ചു നോഹും മക്കളും
ഭൂമി തന്നിൽ വസിച്ചീടും നരകുലമതിനാലെ
ഭൂമിയിൽ പുകഴുറ്റമുലം കടുത്തുരുത്തിയിൽ
വാണിടും കന്നിശരണം.*

---

* കടുത്തുരുത്തിപ്പള്ളിയുടെ പാട്ടിൽ 'കാലത്ത്' എന്നുള്ളതു പരല്പേറും പ്രകാരം കൊല്ലം 631-ആണെന്നു പറഞ്ഞിട്ടുള്ളതു പള്ളി സ്ഥാപിക്കപ്പെട്ടിട്ടുള്ള കാലമാണെന്നു തീർച്ചപ്പെടുത്തുവാൻ പാടില്ല. തെക്കുംഭാഗർ കൊടുങ്ങല്ലൂരിൽനിന്നു കടുത്തുരുത്തിയിലേയ്ക്കു വന്നതിനെപ്പറ്റി കുര്യൻപാദ്രിയുടെ ചരിത്രത്തിന്റെ 20-ാം പുറത്തുള്ള നോട്ടിൽ ഇങ്ങനെ പറയുന്നു തെക്കും ഭാഗർ ആദ്യം കടുത്തുരുത്തിയിലും പിന്നെ എന്തോ ഒരു കാരണവശാൽ മുളന്തുരുത്തിയിലും പള്ളിവെച്ചു. പിന്നെ അവിടം വിട്ട് കടുത്തുരുത്തിക്കു തിരികെവന്നു.

## 2. ഉദയംപേരൂർ പള്ളി

ആയവനിൽ വാഴുവേറ്റ ശേമിന്റെ കൂട്ടങ്ങളെല്ലാം
വാഴുവങ്ങേറ്റശേഷം കൂട്ടത്തോടൊരുമിച്ചു
ദോഷപ്പെട്ടവർകളെല്ലാം
ആലാഹാ തന്റെ വഴിയിൽ അബ്രഹാമെന്നിയെയില്ലാ
അവനോടരുൾചെയ്തു വറുഗീസിടണമെ-
ന്നായതു കേട്ടനേരത്ത്
അബ്രാഹവുമിസഹാക്കിനുമിശുമായേലിനുമന്ന്
വറുഗീസിട്ടമൂലം വന്നിസറായേൽ മാർഗ്ഗം
നടത്തി വഴിപോലന്ന്
മാർഗ്ഗമങ്ങുവഴിപോലെ പരന്നതിൽ നിവിയന്മാർ
മായവൻ പിറവികളെഴുതിത്തികച്ചവർ
പുസ്തകമതിലറിവാൻ
ലോകസൃഷ്ടി ചെയ്തകാലം മുതലിച്ചതോർത്തു കാൺകിൽ
ലോകത്തിൽ പുകഴുറ്റ കന്നിയിൽ ജനിച്ചു താൻ
മിശിഹാ പിറന്ന കാലം
പള്ളിവാണു വരുത്തുക ഗുശ്ശയെന്ന രാജാക്കന്മാർ
ബൽദസാർ, മെൽക്കിയോറും, കാസ്പറും പൂർവ്വേനിന്നു
ഗമിച്ചു നിക്ഷേപമായി
വന്നുകണ്ട് കാഴ്ചവെച്ചു തൃക്കൈയ്യാൽ വാഴ്വതുമേറ്റു
ഉണ്ണിയെ സ്തുതിചെയ്തു നടന്നുവേറുവഴി
ദൂതന്റെ പ്രമാണത്താലെ

---

അവർക്കാകപ്പാടെ 74 പള്ളി പ്രധാനമായി പറഞ്ഞുവരുന്നു. ഇപ്പോൾ അഞ്ചരയേ ഉള്ളൂ. കടുത്തുരുത്തി, ഉദയംപേരൂർ, ചുങ്കം, പിറവം, കോട്ടയം വലിയപള്ളി, മാമലശ്ശേരി, മുളന്തുരുത്തി, രണ്ടുകൂട്ടരുമുള്ളതിനായിരിക്കും അരപ്പള്ളി എന്നു പറയുന്നത്. ഈ പറഞ്ഞവയിൽ ഒന്നുരണ്ടു പള്ളികൾ വടക്കുംഭാഗർക്കായി പോയിട്ടുണ്ട്. ഇവ മുളന്തുരുത്തിയും മാമലശ്ശേരിയും, പിറവവുമാണ്. തെക്കുംഭാഗക്കാരുടെ പുരാതന പള്ളികളിലൊന്നായ കല്ലിശ്ശേരി പള്ളിയുടെ നാമം പറയുവാൻ കുര്യൻ പാദ്രി വിട്ടുപോയിട്ടുണ്ട്. അരപ്പള്ളി എന്നു പറയുന്നത് എല്ലാ പള്ളികളിലും പകുതി അവകാശം സിദ്ധിച്ചിട്ടുണ്ടായിരുന്നതുകൊണ്ടായിരുന്നു എന്നും വർത്തമാനമുണ്ട്.

താശിയോടെ ശിഷ്യരോടു അറിയിച്ചു വഴിയൊക്കെ
കീർത്തിയും പുകഴുറ്റ ഉദയംപേരൂർ വാഴും
കന്തീശങ്ങളെ ശരണം*

---

* തെക്കും ഭാഗരുടെ ആദ്യപള്ളിയായിരുന്ന കൊടുങ്ങല്ലൂരും,പിന്നീടുണ്ടായിട്ടുള്ള, കടുത്തുരുത്തി, ഉദയംപേരൂർ മുതലായ പുരാതന പള്ളികളും ദൈവമാതാവിന്റെ നാമത്തിലാണ് സ്ഥാപിക്കപ്പെട്ടിട്ടുള്ളത്. കൊടുങ്ങല്ലൂർ, പട്ടണത്തിലുണ്ടായ ചില കലഹങ്ങൾ നിമിത്തമോ മറ്റോ പ്രസ്തുത പട്ടണത്തോടുകൂടി അവിടുത്തെ പള്ളിയും അഗ്നിയാൽ നശിച്ചു പോകുന്നതിനിടയായി (ഈ പുസ്തകത്തിന്റെ 8-ാം ലക്കം നോക്കുക) ഇതേപ്പറ്റി 1872 ൽ കോട്ടയം സി.എം.എസ്. അച്ചുകൂടത്തിൽ അച്ചടിക്കപ്പെട്ട കുര്യൻ പാദ്രിയുടെ ചരിത്രം 20-ാം പുറത്തിലെ നോട്ടിൽ ഇപ്രകാരം പറയുന്നു. 'മഹോദേവർ പട്ടണം' ചുടപ്പെട്ടതിൽവച്ച് ഒരു പഴഞ്ചൊല്ല് ഇന്നും നടപ്പുണ്ട്. 'പട്ടണം ചുട്ടു പകലിറങ്ങി ഇനിയെന്തിനാ മകളെ മുട്ടാക്ക്'. അതെന്തന്നാൽ പട്ടണത്തിനു തീകത്തിയപ്പോൾ എല്ലാവരും കരസ്ഥമാക്കാവുന്നവയും കൊണ്ട് ഓടി പുറത്തിറങ്ങിയാറെ ഒരു മകൾ തള്ളയോടു മുഖം മൂടുന്നമൂടുപടമില്ലാതെ എങ്ങനെ പുറത്തു പോകുന്നു എന്നു ചോദിച്ചതിനു തള്ളയുടെ ഉത്തരമാകുന്നു. ചരിത്ര പ്രസിദ്ധമായ ഉദയംപേരൂർപള്ളിയും മാതാവിന്റെ നാമത്തിൽ തന്നെ പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്നു. എങ്കിലും സംഗതിവശാൽ 'കന്തിശാപ്പള്ളി' എന്നാണു വിളിച്ചുവരാറുള്ളത്. മലയാളത്തെ കൊല്ലം, കായംകുളം, ഉദയംപേരൂർ എന്ന മൂന്നു സ്ഥലങ്ങളിലെ പള്ളികൾക്കു മാത്രമേ ഈ പേർ പറയപ്പെടുന്നുള്ളു എന്നറിയുന്നു. 16-ാം ശതവർഷത്തിന്റെ ആരംഭത്തിൽ അന്നു കടുത്തുരുത്തിയിൽ കൂട്ടമായി താമസിച്ചിരുന്ന തെക്കുംഭാഗർക്കു തങ്ങളുടെ വംശത്തിൽപ്പെട്ട ഒരു കുടുംബക്കാർ മൂലമുണ്ടായ ചില കുഴപ്പത്താൽ പൊതുവെ രാജകോപത്തിനു ഇടവരികയും ഈ കാരണത്താൽ തങ്ങളുടെ നാടും വീടുംവിട്ട് അവിടെ നിന്നോടി മുളംതുരുത്തി, ഉദയംപേരൂർ, കോട്ടയം എന്ന മറ്റു രാജാക്കന്മാരുടെ ദേശങ്ങളിൽ അഭയം പ്രാപിക്കുന്നതിനു സംഗതിയാകുകയും ചെയ്തു. ഇങ്ങനെ ഈ ദേശങ്ങളിൽ പാർത്തുവന്ന കാലത്ത് ഓരോ അവസരങ്ങളിൽ ഈ മൂന്നു സ്ഥലത്തും ഓരോ പള്ളികൾ വെക്കുന്നതിനിടയായി. കടുത്തുരുത്തി രാജാവ് ഒരു ദിവസം മുളംതുരുത്തിൽ തെക്കുംഭാഗർ താമസിക്കുന്ന സ്ഥലത്തുകൂടി കടന്നുപോകുമ്പോൾ അവിടെ പന്തുകളിച്ചുകൊണ്ടിരുന്ന കുട്ടികളിൽ ഒരുവൻ "വീരമാണിക്കത്തച്ചനാണ വടക്കുംകൂർ സ്വരൂപമാണ കോലേൽ കൊണ്ടില്ല" എന്നു പന്തുകളിയിൽ വച്ചുള്ള ഒരു തർക്കത്തിൽ പറയുന്നതു കേൾക്കുന്നതിനിടയായി, രാജാവ് ഇതുകേട്ട് അതിശയിച്ച് ഇപ്രകാരം പറയുവാനുള്ള കാരണമെന്തെന്ന് അവിടെ അന്വേഷിച്ചതിൽ സകലവൃത്താന്തങ്ങളുമറിയുന്നതിനിടയാകയും ഇത്രനാളായിട്ടും തങ്ങളുടെ രാജ്യത്തെയും രാജാവിനെയും വിസ്മരിക്കാതുള്ള ഇവരുടെ രാജഭക്തിയെപ്പറ്റി സന്തോഷിച്ച് പിന്നീട് ഇവരെ തന്റെ രാജ്യമായ കടുത്തുരുത്തിയിലേയ്ക്കു വരുത്തുകയും ചെയ്തു. മുളന്തുരുത്തിയിൽനിന്നു തെക്കുംഭാഗർ പോയപ്പോൾ തങ്ങളുടെ പള്ളിയുടെ താക്കോൽ സ്വദേശിയായ കപ്യാരെ ഏല്പിച്ചു വെച്ചാണ്പോന്നതത്രെ. കുറഞ്ഞൊരുകാലം മുമ്പുവരെയും പ്രസ്തുത പള്ളിയിലെ പെരുനാളുകൾക്കുള്ള ഓഹരികൾ ആദ്യമായി കടുത്തുരുത്തിക്കാർക്കു കൊടുത്തതിനുശേഷമേ മറ്റവകാശക്കാർക്കു കൊടുക്കുക പതിവുണ്ടായിരുന്നുള്ളു എന്നറിയുന്നു. ഇപ്പോൾ ഈ പള്ളി വടക്കുംഭാഗരിലുള്ള പുത്തൻകൂറുകാരുടെ കൈവശമാണ്. കോട്ടയത്തും ഉദയംപേരൂരും താമസിച്ചിരുന്നവർ സ്ഥലംവിട്ടു പോയതുമില്ല.

3 കോട്ടയത്ത് വലിയപള്ളി

മുപ്പതോടു മൂന്നു ചെന്ന മീനമീരൊൻപതിൻ വ്യാഴേ
നല്ല കുഞ്ഞാടറുത്തു പെസഹായും കഴിഞ്ഞു
യാത്രയും വെളുത്തവാവിൽ
ഗതസീമ്മാൻ തോപ്പിലെത്തി ബാവാ തന്നോടിരക്കുന്നു
എത്രയും ദു:ഖമേറുമീക്കാസാ എന്നിൽനിന്നു
നീക്കുക തിരുവുള്ളമായ്
എന്നിലുള്ള മനസ്സല്ലാ നിൻതിരുമനസ്സുപോലെ
എപ്പേരും വരുത്തുക ചെന്നു താനുണർത്തിച്ചു
പിന്നെയും ബാവാ തന്നോട്
അന്നു തന്റെ മെയ് വിയർത്തുരുധിരത്തുള്ളികളാലെ
ചിന്തിതു നയനങ്ങൾ രണ്ടിലും പുനർചോര
നനച്ചു ഭൂമിയക്കാലം
തോപ്പിൽനിന്നു വീണ്ടിറങ്ങിപ്പോന്നനേരമരുൾചെയ്തു
നിങ്ങടെ കൂടെയിനി നടപ്പാൻ മതിപോരു-
മെന്നതങ്ങറിക നിങ്ങൾ
വാൾവലിച്ചു വെട്ടിയപ്പോൾ യൂദനെ ശിമയോൻകേപ്പാ
കാതിനെ ഛേദിച്ചുടൻ കണ്ടുടൻ മിശിഹായും
വിലക്കി അരുതെന്നപ്പോൾ

---

ഉദയംപേരൂർ പള്ളി തെക്കുംഭാഗരുടെ ഒരു പ്രധാന പള്ളിയാണ്. സുറിയാനി മെത്രാന്മാർ ഈ പള്ളി തങ്ങളുടെ ആസ്ഥാനമായി തെരഞ്ഞെടുക്കപ്പെട്ടുകൊണ്ട് ഇവിടെ എപ്പോഴും നിവസിച്ചിരുന്നതിനാൽതന്നെ ആ സ്ഥലത്തിന്റേയും പള്ളിയുടേയും പ്രാധാന്യത എത്രമാത്രമുണ്ടായിരുന്നുവെന്ന് ഊഹിക്കാവുന്നതാണല്ലോ. 1503 ൽ മലയാളത്തു വന്ന നാലു മെത്രാന്മാരിൽ മാർ യാബാലാഹും, മാർ തോമ്മായും, മാർ ദനഹായും ഇവിടെയത്രെ മരിച്ചടക്കപ്പെട്ടത്. (ഈ പുസ്തകത്തിന്റെ 11-ാം പുറവും നോക്കുക) 1599-ഗോവായുടെ അല്ലേസുമെനേസ്സിസ് മെത്രാപ്പോലീത്താ അവർകൾ മലയാളത്തുള്ള സുറിയാനിപ്പള്ളിക്കാരെയെല്ലാം വിളിച്ചുകൂട്ടി ഒരു സൂനഹദോസ് നടത്തിയതും ഈ പള്ളിയിൽ വച്ചാണ്. കടുത്തുരുത്തി വലിയപള്ളിയിൽ നിന്നും കോട്ടയത്തു വലിയ പള്ളിയിൽനിന്നും ചെറിയ പള്ളികൾ വച്ചു പിരിഞ്ഞതുപോലെ പിന്നീട് ഉദയംപേരൂർ പള്ളിയിൽകൂടി വന്നിരുന്ന ഏതാനും വടക്കുംഭാഗർ ഇതിനു സമീപമുള്ള പുതിയാവിൽ ഒരു പള്ളി വച്ചു പിരിയുകയും തെക്കുംഭാഗരിൽ തന്നെ ഓരോ കാരണവശാൽ സ്ഥലം വിട്ടുപോകുന്നതിന് ഇടയാകുകയും ചെയ്തു. ഈ പള്ളിയിൽ ഇപ്പോൾ ഇടവകക്കാർ ചുരുക്കമാണ്. ഇതിൽ തെക്കുംഭാഗർ തുലോം കുറഞ്ഞുപോയതിനാൽ പള്ളി നടത്തയ്ക്കുവേണ്ടി രണ്ടുകൂട്ടരും അവകാശികളായി നടന്നുവരുന്നു. ഇതേ സംബന്ധിച്ചുള്ള ചില നിശ്ചയങ്ങൾ ലവീഞ്ഞു മെത്രാൻ അവർകളുടെ കാലത്ത് 1891 ൽ നടന്നിട്ടുള്ളതായി രേഖകളുണ്ട്, ഇപ്പോൾ ഈ പള്ളിയും ഇതോടു ചേർന്നുള്ള 'തൈക്കാട്ടുമ്മായുടെ പള്ളി' എന്നു പറഞ്ഞു വരുന്ന കപ്പേളയും ചുങ്കം, കരിങ്ങോം, ബ്രഹ്മംഗലം, വാരപ്പെട്ടി ഈ സ്ഥലങ്ങളിലെ തെക്കുംഭാഗം പള്ളികളും എറണാകുളം മിസത്തിൽ ഉൾപ്പെട്ടിരിക്കുന്നു.

ഇടുക നീ വാളുറയിൽ മുന്നെപ്പോലെന്നരുൾ ചെയ്തു
കീർത്തിയും പുകഴുറ്റ കോട്ടയകത്തു വാഴും
കന്നിമറിയം ശരണം.

4 ചുങ്കത്തിൽ പള്ളി

ഈഷലില്ലാ മാലാഖാമാർ പ്രമാണിച്ചു വരുന്നാകിൽ
ഈ ഭൂവനങ്ങളൊക്കെ മുടിപ്പാൻ മതിപ്പോരു
മെന്നതറിഞ്ഞീടുക നീ
ആദം മുതലായ നരർ നരകത്തിൽ പതിയാതെ
വീണ്ടുകൊൾവതിനായി മുന്നമെ നിയമിച്ച
വാഗ്ദത്തം നിവർത്തിപ്പാനായ്
ബാവാ തന്റെ കീർത്തിതങ്ങൾ തികപ്പാൻ മനുഷ്യനായി
പാടുപെട്ടിവിടത്തിൽ മൃത്യുചെയ്യണമെന്ന-
ങ്ങതിന്റെ നിവർത്തിക്കായി
പിന്നെയുമൊന്നരുൾചെയ്തു കേപ്പാ തന്നോടതുനേരം
എന്നിലുളളാരുപക്ഷം നിനക്കു മുഴുക്കയാൽ
വെട്ടി നീയിവനെയിപ്പോൾ
ഉപേക്ഷയായ്‌വരും മുന്നിലർക്കനുഷപ്പതിൻ മുമ്പേ
എന്നരുൾചെയ്തു യൂദൻ തന്നുടെ കാതുചേർത്തു
സ്വസ്ഥത വരുത്തിയപ്പോൾ
യൂദന്മാരോടരുൾചെയ്തു നിങ്ങൾ ആരെ തിരയുന്നു
ഈശോയെന്നവനെയും കാണ്മാനാഗ്രഹമുണ്ടെ-
ന്നവരുരച്ച നേരത്ത്
ഈശോ ഞാനെന്നരുൾചെയ്ത വാക്കടക്കുന്നതിൽ മുമ്പെ
അവിടെ വീണു യൂദർ പിണംപോൽ കിടന്നിട്ട്
എഴുന്നേറ്ററുളപ്പാടാൽ
ഒത്തപോലെ മുത്തി യൂദാ ഗുരുവിൻ തൃക്കവിളിന്മേൽ
ഉടനെ മിശിഹായെ ബന്ധിച്ചു കൊണ്ടുപോയി
നിറുത്തി കയ്യേപ്പാ മുമ്പിൽ
അവിടേന്നു കൂട്ടിവിട്ടു പീലാത്തോസിൻ വിധിക്കായി
പാടുകളേല്പിച്ചവൻ കുരിശേൽ തൂക്കുവാനായ്
യൂദർക്ക് വിട്ടുകൊടുത്തു
മാനുഷർക്കു രക്ഷചെയ്‌വാൻ കുരിശിന്മേൽ മരിച്ചു താൻ
ഉയിർത്തു മൂന്നാംദിനം ശിഷ്യർക്കു കാണപ്പെട്ടു
നാല്പതിൽ സ്വർഗ്ഗം പ്രാപിച്ചു
ഭക്തിയോടീ ബലിയോർപ്പാൻ പല പള്ളി ചമച്ചതിൽ
ചുങ്കത്തിൽ പള്ളീൽവാഴും മർത്തീനോസെന്ന പുണ്യൻ
കാത്തരുൾ കന്നിനാമത്തിൽ.

# കോട്ടയത്ത് വലിയ പള്ളിയുടെ കുരിശിന്റെ ചിന്ത്

അൻപെഴും ദിശി കേരളത്തിൽ മുമ്പു കോട്ടയകത്തു പള്ളി
തന്നുടെ സ്ലീബാ തന്റെ വൻപുകൾ പറവാനൊ-
ട്ടരിപ്പമധികമുണ്ട്
ആദമാം പിതൃകാരണൻ പിഴപ്പെട്ട വൃക്ഷമതിന്റെ കൊമ്പ്
ആശ്ചര്യത്താലെ ശേദിന്നൻപോടു ക്രോബേൽ കൊടു-
ത്തവനിയതിൽ വളർത്തി
ഇമ്പമോടെ നല്ല തോപ്പിൽ വളർന്ന വൃക്ഷമറുത്തു ശ്ലേമ്മോൻ
പൊയ്കയിൽ പാലം തീർത്തങ്ങാഴിതൻ കുഴിമറ-
ച്ചരചനറിഞ്ഞെടുത്ത്
ഈഴൽ പോക്കുവതിനു ദൈവസുതൻ പിറന്നൂഴിതന്നിൽ
ഈശനു ദശത്രയം വയസ്സിൽ മാമ്മോദീസാ
മുഴുകിയെടുത്തശേഷം
ഉത്തമൻ തവഭക്തരാറിണ ശിഷ്യരിൽ പലസാക്ഷി നല്കി
അത്തലായ് മരിപ്പതിനൊത്തൊരു സ്ലീബായെടു
ത്തൊത്തപോൽ നടന്നവാറെ
ഊഴിയിൽ മലമീതിലേറിയണഞ്ഞ രക്ഷകനെന്നനേരം
ഭോഷരിൽ കൃപയില്ലാഞ്ഞീശനെ സ്ലീബാതന്മേൽ
പതിച്ചു, മൃത്യു ഭവിച്ചു
എത്ര വിസ്മയമോർത്തുകാൺകിലുയിർത്തുവാനതിലേറിയന്ന്
ഓർത്തുടൻ രിപുവരർ ചേർച്ചയല്ലെന്നു കണ്ടു
മറച്ചു കുരിശിതന്ന്
ഏകരാജൻ തന്റെയുമ്മായേലന്നായവൾ സേനയോടും
ഏറിയ ജയത്തോടങ്ങെടുത്ത കുരിശിതു
തിരിച്ചങ്ങറിഞ്ഞശേഷം
ഐയർതൻ തിരുവാലയത്തിൽ കൈതൊഴുതിഹവെച്ചസ്ലീബാ
തൻതിരു സാദൃശ്യത്തിൽ വച്ചിതു മലനാട്ടിൽ
മെച്ചമാം കോട്ടയകത്ത്
ഒന്മയേറും പള്ളി തന്റെ നന്മയേറും നഗരിക്ക്
വെൺമയിൽ തൊടുകുറി കന്മഷമൊഴിച്ചീടും
പൊന്മണിക്കുരിശിതെന്ന്
ഔഷധം ഭൂവിമാനുഷർക്കങ്ങധികമായിതു കുരിശിനാലെ
ആദമാദിയായുള്ള മാനുഷർക്കഴകോടെ
നീതിമാൻ കൊടുത്തവാറെ
അക്കനം കരുണയ്ക്കിലെത്രയുമർക്കതുല്യദിശിക്കു തന്റെ ഉൾക്കനം
തെളിവതിനാക്കമായ്ട്ടടിയങ്ങൾ-
ക്കുത്തമൻ തുണച്ചരുൾക

# കല്ലിശ്ശേരിപ്പള്ളിയുടെ ചിന്ത്

ആലാഹാ തന്നരുളാലെ ആദത്തെ നിർമ്മിച്ചശേഷം
അസ്ഥിമേൽ നാരീരൂപം ചമച്ചത്മാവും കൊടു-
ത്തിരുത്തി പറുദീസായിൽ
ആലാഹാതാനരുൾചെയ്തതയർത്തവർ പിഴയ്ക്കയാൽ
ആലസ്യം പൂണ്ടു നല്ല ചേലൊത്ത ഭവനത്തിൽ
വേർപെട്ടു പുകിന്തവാറെ
ഈ ഭൂവനിക്കൊത്തകാലം പള്ളിവാണു തികഞ്ഞശേഷം
ഇമ്പമേറുന്ന കന്നി പുണ്യകണ്ണാടി തന്നിൽ
വന്നിങ്ങു ജനിച്ചീശോ താൻ
ഈടെഴും വിധിക്കേസർ തന്റെ നാടുവാഴ്ചയിലുള്ള ലോകർ
കൂടുകെന്നരുൾ കേട്ടു കൂടവേ പുറപ്പെട്ടു
യൌസേപ്പും കന്നിമാതാവും
ഉത്തമർ നിവിമാരു ചാർത്തിയ പുസ്തകപ്പൊരുളൊത്തുചെന്ന്
എത്തി യൂദെന്ന നാട്ടിൽ ബേതലമലമീതിൽ
ഗോസ്ഥലം പുകിന്തവാറെ
ഊനമെന്യേ പുണ്യസൂര്യൻ താനുദിച്ചു പിറന്നനേരം
വാനതിൽ മലുക്കുകൾ മാനസം തെളിഞ്ഞവർ
മേനിയിൽ പുകഴ്ന്തവാറെ
എന്നപോൽ മനുജാതി മന്നിൽ തന്നെയിങ്ങു സ്തുതിപ്പതിനായ്
കന്നിനാമത്തിൽ പള്ളി ഇമ്മലം കല്ലുശ്ശേരിൽ
വെൺമയാൽ ചമയ്ക്കയെന്ന്
ഏറയും മലപാറമേൽ വിധിയൊണ്ടടിസ്ഥാനപ്പണിക്ക്
ഏറ്റവും വിധിയുള്ളിൽ കൊറ്റവൻ മാറവുറാഹം
ഉറ്റനുവാദവും നൽകി
ഐർവന്നുതകേണമെന്നിതു ചെയ്കയെന്നടിയാർക്കു നേരെ
ഐർനാമത്തെച്ചൊല്ലി കൈകൾ കൂപ്പിനാരന്നു
ദൈവമേ തുണയ്ക്കയെന്ന്
ഒച്ചയിൽ തൂളൂർനാട്ടുനാമം വച്ചൊരച്ചൻ കത്തനാര്
ഇച്ഛയിൽ പള്ളിയമ്പിലുതുപ്പും മങ്ങലത്തി-
ലുതുപ്പാൻ മറ്റും പലരും
ഒക്കെയൊത്തവരർക്കജാതപതിക്കു തുല്യനരേന്ദ്രരാജൻ
ഭാസ്ക്കരപ്രഭയ്ക്കൊത്ത മൂത്തേടത്തിളയേടത്തു
പുക്കവർ കനകംവെച്ചു
ഔവനം പൊന്നെടുപ്പിച്ചു പുഷ്പനീരാൽ ഭൂമി നല്കി
കേവലം വാങ്ങിക്കൊണ്ടു വിരവിൽ വന്നു സ്ഥാനം
കണ്ടുടൻ തറയടിച്ചു

അക്കനം പണിയൊക്കെവെതീർത്തെത്ര ചിത്രവിചിത്രമോടെ
മോക്ഷജ്വാലയ്ക്കു സമം ചേരുമീക്കല്ലുശേരിൽ
വസിക്കും കന്നിശരണം.

# ഉഴവൂർ പള്ളിയുടെ ചിന്ത്

മായവൻ തന്നരുളാലെ മാനുഷനായ് പിറന്നൊരു
മാറെസ്തപ്പാനോസെന്ന പുരുഷമണി പിറ-
ന്നുണ്ടായി ഓറോശിലത്ത്
ക്രമത്താലെ വളർന്നുതാൻ സൂര്യപ്രഭയെന്നപോലെ
ജഡരമേനി രത്നനിറത്തിൽ മിന്നൽ കണ്ടു
ഗുണവാനെന്നു പലരും
വയസ്സുത്രിചതൃപഞ്ചം തികഞ്ഞൊരു കാലത്തുങ്കൽ
ഊരിലുള്ളറിവാളെഴുത്തു പഠിപ്പിച്ചു
ഗ്രഹിച്ചു ചതൃഭാഷയിൽ
ഉത്തമൻ മിശിഹാടെ ചട്ടം സത്യമാം വിശ്വാസങ്ങൾ
ചട്ടവട്ടത്തിൽ വേദപ്രസംഗം ചെയ്തീടുമ്പോൾ
പിടിച്ചു യൂദർ കയ്യാലെ
ബന്ധനം ചെയ്യുന്ന നേരം ചിന്തിവീഴും കണ്ണുനീര്
വിണ്ണിലോട്ടുടൻ നോക്കി കണ്ണുനീർ പൊഴിക്കുമ്പോൾ
കണ്ടുടൻ മിശിഹാ തന്നെ
കല്ലിനേക്കാളുറപ്പുള്ളോർ കല്ലുകൊണ്ടങ്ങെറിയുമ്പോൾ
തടുത്തു തൂവാലകൊണ്ടെതിർത്തങ്ങവരോട്
മരിച്ചു കരുണയാലെ
ലോകരക്ഷകനായവൻ തനാമയം കണ്ടതുനേരം
വിരവിലെസ്തപ്പാനെ വിളിച്ചോന്നരുൾ ചെയ്തു
ശിഷ്യരിൽ ഭക്തൻ നീയെന്ന്
ഇങ്ങനെ സകലേശനരുളാൽ മംഗലം പൂരിവാണു സഹദാ
ദൈവമാതാവിനെയും തന്നുടെ പുത്രനേയും
കൊണ്ടാടി സ്തുതിക്കും കാലം
ഒന്മയേറും ഉഴവൂരിൽ നന്മവരുത്തീടുവാനായ്
ഒത്തു ക്രിസ്ത്യാനി ജനം ഉപവിയാലിണങ്ങരും
കൈമ്മളെ കണ്ടു പറഞ്ഞു
അമ്പിനോടെ ചിറ്റേഴത്തു കയ്മൾ താൻമുരചെയ്തു
പശ്ചിമദിക്കിൽ നിലം പുകൾപ്പെരുകം ഭൂമി-
യുണ്ടെന്നു കയ്മൾ കല്പിച്ചു
അട്ടിപ്പേറെന്നെഴുതിച്ചു പൊൻ കൊടുത്തു നിലംവാങ്ങി
ഉടയെ തച്ചന്മാരെ വരുത്തി സ്ഥാനം കണ്ടു
തറയുമടിച്ചഴകാൽ

ചിക്കനെ മരമറത്തു പള്ളി പണി ചെയ്വതിന്ന്
മാറെസ്തപ്പാനോസിന്റെ പള്ളിയെന്നുറച്ചുടൻ
കല്ലുമിട്ടടിസ്ഥാനവും
ഹിതത്തോടെ പണിചെയ്തു വിരവിൽ വെള്ളയും പൂശി
മാർത്തമ്മറിയത്തുമ്മാ മിശിഹാ ശരണമെ-
ന്നുറച്ചു കുരിശും വെച്ചു
ഉപവിയാലെ പൂജചെയ്വാനുടൻ കുമ്മൻ കത്തനാരും
അഴകാൽ പെരുന്നാളും ഘോഷിച്ചങ്ങിണങ്ങരും
സ്തുതിച്ചുമാറെസ്തപ്പാനെ.

# കോട്ടയത്ത് ഇടയ്ക്കാട്ടു പള്ളിയുടെ ചിന്ത് *

ആദം പിഴപെട്ടതിന്റെ പാപം തീർപ്പാനവൻ തന്റെ
ആത്മജനായി വന്നു നടന്ന ദൈവപുത്രൻ
നടത്തി സുവിശേഷങ്ങൾ
ആദിവാക്യമരുൾ പത്തും അടക്കിതാൻ വിധി രണ്ടിൽ
സ്നാനവും വിധിച്ചീശോ മരിച്ചു ദുരിതത്തെ
അകറ്റി മോക്ഷം പ്രാപിച്ചു
ഇപ്രമാണം വഴിപോലെ അറിയിച്ചു ശിഷ്യന്മാരും
തല്പരൻ മിശിഹായെ അറിഞ്ഞു ലോകരേറ്റം
വർദ്ധിച്ചു മാമ്മോദീസായും
ഈഴലില്ലാതുള്ള പള്ളി ഉറപ്പിച്ചു ഗുരുശ്രേഷ്ഠൻ
മാതാവെന്നുള്ള നാമം വിളിച്ച സഭയെങ്ങും
ശുഭത്താൽ വസിക്കും കാലം
ഉഗ്രനായ ദിയക്ലസ്യാനെമ്പ്രദോരിൻ വിധിയന്ന്
വിഗ്രഹം വന്ദിക്കായ്കിൽ മുടിക്കും ക്രീസ്തവരെ-
ന്നുണ്ടായി തന്റെ കല്പന
ഗൂഢമായിട്ടുള്ളിലേറ്റം സംഗ്രഹിച്ച സത്യവേദം
മാടമ്പി കുലശ്രേഷ്ഠൻ ഗീവറുഗീസറിയിച്ചു
അരചന്റെ മുമ്പിലീവണ്ണം
എമ്പ്രദോരെ ഭയം കൂടാതെഴുന്നേറ്റസ്സഭതന്നിൽ
തമ്പുരാനല്ലാതില്ല മറ്റുള്ള ദേവന്മാരെ-
ന്നോർക്കണം മഹാഭൂപതെ
ഏറെ വൈരം പൂണ്ടു രാജനതിക്രമക്രുദ്ധനായ്
ഗർജ്ജിച്ചു സിംഹംപോലെ ബന്ധനം വിധിച്ചോരോ
ശിക്ഷകൾ ചെയ്തു പുണ്യനെ

* തകടിയേൽ ഇട്ടിയവിരാ അവർകളാൽ ഉണ്ടാക്കപ്പെട്ടത്.

അയ്യർ കാലം ശതദ്വയമൊൻപതറ്റിപ്പത്തുമേഴും
വിംശതിത്രയം മേടം വെള്ളിയിലുച്ചശേഷം
വാളാലെ മൃത്യു കൈക്കൊണ്ടു
ഓർക്ക നാഥനീശോ തന്റെ സാക്ഷിപ്രാപിച്ചുടൻതന്നെ
അംബരവാതൽ തുറന്നാലാഹാ പാദം ചേർന്നു
കൈക്കൊണ്ടു മോക്ഷ കിരീടം
ഓർത്തിവന്റെ ദീനസപ്പാടുപവിക്കും ജനങ്ങൾക്കായ്
ആർത്തികളൊക്കെത്തീർപ്പാൻ തല്പരൻ തിരുമുമ്പിൽ
എപ്പോഴും സ്തോത്രം ചെയ്യുന്നു
ഔനമീ കോട്ടയകം നഗർ പാലിപ്പതിനായി
യൗസേപ്പു യാക്കോബെന്ന കത്തങ്ങളുത്സാഹത്താൽ
തൊണ്ണൂറ്റേഴിൽ പള്ളി സ്ഥാപിച്ചു
അക്കനമീസുരാല പുക്കുതന്നെയും സ്തുതിപ്പോരെ
തൃക്കൈയ്യാൽ സർവ്വഗുണം നൽകിടും ത്രീത്വത്തുങ്കൽ
എപ്പോഴും സ്തോത്രം ചെയ്യുന്നു.

---

* കോട്ടയത്ത് ഇടയ്ക്കാട്ടു പള്ളിയുടെ പ്രധാന വാതിലിന്റെ പാലുതിരിക്കല്ലിന്മേൽ താഴെക്കാണും പ്രകാരം കൊത്തപ്പെട്ടിരിക്കുന്നു:-

"ന്ത്രൻധർ മാണ്ട ധനുമാസം വ്രനു-ഞങ്ങളെ വലിയപള്ളിയിൽ നിന്ന് എറക്കി. ഞങ്ങൾക്കു തരുവാനുള്ള ഒന്നുപാതി മുതൽ ഒരുവകയും തന്നില്ല. ന്ത്രൻധീ മാണ്ട മിഥുനമാസം 23 ന് ഈ പള്ളിക്കു കല്ലിട്ടു".

മേൽകാണുന്ന 23-ാം തീയതി പഴയ കണക്കിലാണ്. പുത്തൻകണക്കിൽ കർക്കടകം 3-ാം തീയതിയാണ്. അന്നു മാർ തോമ്മാശ്ലീഹായുടെ ദുക്റാന തിരുനാൾ കൊണ്ടാടിവരുന്നു.

മേൽക്കാണുന്ന ശിലാലേഖയിലെ വാചകപ്രകാരം സംഭവിക്കുന്നതിനുമുമ്പായി പഴയ കൂറ്റുകാരും പുത്തൻ കൂറ്റുകാരും കൂടി സമാവകാശമായി നടന്നു വന്നിരുന്ന കാലത്ത് ഇരുകൂട്ടരുംകൂടി ചെയ്തിട്ടുള്ളതും ഇപ്പോൾ ഇടയ്ക്കാട്ടു പള്ളി റിക്കാർഡു ശേഖരിപ്പിൽ സൂക്ഷിക്കപ്പെടുന്നതുമായ ഉടമ്പടികളുടെയും മറ്റു ശരിപ്പകർപ്പുകൾ കിട്ടിയിട്ടുള്ളതിൽ ചിലതു വായനക്കാരുടെ അറിവിനായി താഴെ ചേർക്കുന്നു.

## I

941-ാമാണ്ട് മകരമാസം 5-ാം ന് കോട്ടയത്തെ വല്യപള്ളിക്കൽ പുത്തൻ കൂറ്റുകാരും പഴെകൂറ്റുകാരും തമ്മിൽ പെണങ്ങി മണ്ടവത്തും വാതുക്കൽ വരികകൊണ്ട കാര്യംകൊണ്ട കെട്ടുതീർത്ത രണ്ടു കൂറ്റുകാരുംകൂടെ മേൽപ്പട്ടു നടന്നുകൊള്ളണ്ടും പ്രകാരത്തിന് എഴുതിയ പടിയൊല. വല്യപള്ളിക്കൽ പുത്തൻകൂറ്റുകാർക്കു നെടുമ്പെര മാളികയിൽ നടുവിലെ മുറിയും കെഴക്കെ മുറിയും പുത്തൻകൂറ്റും മെലെ ഒള്ള മെത്രാന്മാരെയും കത്തങ്ങളെയും ഇരുത്തിച്ചുകൊള്ളണം. പ്രസ്തുത പള്ളിക്കാര്യം എടപെട്ടുള്ള പൊന്നായിട്ടും വെള്ളിയായിട്ടും വെങ്കല പാത്രമായിട്ടും പട്ടുചീല കുപ്പായങ്ങളായിട്ടും പെട്ടി പ്രമാണങ്ങൾ ഉള്ളതു ഒക്കെയും കല്ലറ രണ്ടിലുംകൂടെ വെച്ച പഴയ കൂറ്റുമ്മലെ ഒരുത്തനും പുത്തൻ കൂറ്റുമ്മെൽ ഒരുത്തനും എടയ്ക്കാട്ടു മാപ്പിളയും മൂവെരും കൂടെ മൂന്നു പൂട്ടു ഇട്ടു പൂട്ടിക്കൊള്ളണം.

ഇതുംവണ്ണം അല്ലാതെ ഒരു കൂറ്റുമ്മെൽ ഉള്ള ആളുകൾ ഏറിമാറി നടന്നു തുടങ്ങിയെങ്കിൽ കൊയിമ്മെയ്ക്കു 332 രാശി പെഴയും ചെയ്ത ഈ എഴുത്തിന്മണ്ണം നടന്നുകൊള്ളുമാറും ഇപ്പടി സമ്മതിച്ചു ഇപ്പടിയൊലെ എഴുതിക്കൊടുത്താൽ പുത്തൻക്കൂറ്റിൽ എടക(വ)ഴിക്കൽ ഓക്കാണ്ടമാപ്പിളയും മള്ളൂച്ചേരിൽ കുരുവെള മാപ്പെളയും മൂഴിയിൽ മാത്തുമാപ്പെളയും താഴത്തെ ചെങ്ങളവൻ പൊത്തൻ മാപ്പിളയും ഇത് കയിഎഴുത്ത.

(ശരിപ്പകർപ്പ്) (ഒപ്പ്) ++++

കോട്ടയത്ത് ഇടയ്ക്കാട്ടു പള്ളിയുടെ ഫൊറോന വികാരി

വട്ടക്കളത്തിൽ മത്തായിക്കത്തനാർ

(Sd) Mathew Vattakalam

Kottayam
15th Aug.1909

ഈ വാചകത്തിൽ ഒരു പടിയോല പഴയകൂറ്റുകാർ പുത്തൻകൂറ്റുകാർക്കു എഴുതികൊടുത്തതിൽ താഴെകാണുന്ന പേർവച്ച് ഒപ്പിട്ടിരിക്കുന്നു.

പഴെ കൂറ്റിൽ തറേൽ തൊമ്മൻ തരകനും വട്ടെക്കാട്ടു ഇട്ടിമാത്തുള മാപ്പെളയും ഏനായിൽ പുന്നൂതു മാപ്പെളയും കുന്നച്ചെരി ഉണ്ണികോര തരകനും കൈ എഴുത്ത് (ഒപ്പ്) ++++

ഈ പടിയോലയിൽ പറഞ്ഞിരിക്കുന്ന നെടുംപുര മാളിക കഴിഞ്ഞ ആണ്ടിൽ (1908) പുത്തൻകൂറ്റുകാർ പൊളിക്കയും, പ്രസ്തുത പള്ളിയുടെ വടക്കുവശം ഉണ്ടായിരുന്ന പൂമുഖം പൊളിച്ച് അവിടെ പള്ളിയോടു ചേർത്തു രണ്ടു നിലയിൽ ഒരു മാളികയും, പടിപ്പുരമാളിക പത്തുപതിനാറുവർഷം മുമ്പുതന്നെ അവർ പൊളിച്ച് അവിടെ ഒരു മുഖവാരവും പണിചെയ്യിച്ചിരിക്കുന്നു.

## 2

971-ാമാണ്ടു കർക്കടകമാസം 9-ാം നു കോട്ടയത്തു വല്യപള്ളിയിൽ പഴെ കൂറ്റും പിറത്തവിഗാരിയും ദെശത്തുപട്ടക്കാരും പള്ളി കൈക്കാർക്കും ഇണങ്ങരെല്ലാവരും കൂടെ എഴുതികൊടുത്ത കൈചീട്ടാവിത്. ടി പള്ളിക്കാര്യത്തിൽ പൊതുവിൽ ഉൾപ്പെട്ട നിലങ്ങൾ പൊതുവിൽ നെടുങ്കാലം അനുഭവിച്ചു വരികയിൽ മുൻ 57-ാമാണ്ടു മുതൽ 71-ാമാണ്ടു കർക്കടകമാസംവരെയും ടി നിലങ്ങളിൽ ഏതാനും നിലത്തിനു പാട്ട നെല്ലു മേടിക്കാതെയും മുതലാളന്മാർക്കു കൊടുപ്പാനുള്ള മിച്ചവാരങ്ങൾ കൊടുക്കാതെയും വീഴ്ചയായിട്ടു വരികകൊണ്ടും ടി പള്ളിക്കാർ എല്ലാവരുംകൂടി കർണ്ണൊല നമ്പൂതിരിപാട്ടിലെ വക തെട്ടുമുള്ള നിലം 24 പറയും പൊതുവിൽ ചാക്യാരെടുത്തെട്ടം ഉള്ള നിലം 24 പറയും ഈവക നിലം 58 പറയും പഴെക്കൂറ്റുകാർ നടന്ന പാട്ടനെല്ലുകൊണ്ടും മുൻവരുവാനുള്ള പാട്ട നെല്ലു പിരിച്ചു മുതലാളങ്കൽ കൊടുപ്പാനുള്ള മിച്ചവാരവും പൊളിച്ചെഴുത്തുവകയ്ക്കു സാക്ഷികൊടുപ്പാനുള്ളതും പണ്ടാരവകയ്ക്കു ഈ നെലം എടപെട്ടുവരുന്ന കരങ്ങളും പഴെകൂറ്റുകാരും കൊടുത്തു മുമ്പിൽ എഴുതി വാങ്ങിച്ചിരിക്കുന്ന പ്രമാണത്തിലുള്ള അർത്തത്തിനു പൊളിച്ചെഴുതിക്കുന്ന പ്രമാണത്തിൽ കൊറവു വരാതെ പ്രമാണം എഴുതിച്ചുകൊണ്ടു വന്നുകൂടി ബൊധിച്ച പൊതുവിൽ ഉള്ള

പെട്ടിയിൽ ഇട്ടുകൊള്ളുമാറും, പണ്ടാരവക ഒറ്റിനിലം 35 പറയും എടയ്ക്കാട്ടു മാപ്പിള പുത്തൻകരികണ്ടത്തിന്മേൽ പള്ളിക്കാര്യത്തിന്മേൽനിന്നും 1,000 പറ നെല്ലു വാങ്ങിച്ചുകൊടുത്ത വല്യാട്ടിൽ ഉതുപ്പുമാപ്പിളയെക്കൊണ്ട് നെല്ലു 1,000 പറയും പള്ളിക്കാര്യത്തിൽ ഏൽപിച്ചു ഉഭയം പറ്റി വരിക കൊണ്ടും ഇപ്പോൾ ഉഭയത്തിന് മുടക്കം വരിക കൊണ്ടു ഈവക ഉഭയം പുത്തൻ കൂറ്റും പിറത്തു ഏറ്റുനിലം 35 പറ കണ്ടത്തിന്റെ പാട്ടവും പുത്തൻ കൂറ്റുകാറരു വാങ്ങിച്ചു ഈ വകനിലത്തിനു പണ്ടാരവകയ്ക്കു പാവാനുള്ള കരങ്ങളും പറഞ്ഞുവരുന്നു എങ്കിൽ പുത്തൻകൂറ്റുകാറരു കൊടുത്ത പ്രമാണത്തിൽ അർത്ഥം കൊറയാതെയും വല്യാട്ടിൽ ഉതുപ്പുമാപ്പിളയുടെ പറ്റിൽ 7,000 പറ നെല്ലുള്ളതിനു പറവാനുള്ള ഉഭയംകൊണ്ടും പറഞ്ഞുതീർത്ത നെല്ല് 1,000 പറയ്ക്കും കണക്കൊല എഴുതിവാങ്ങിച്ചുകൊണ്ടു വന്ന കൂടി ബൊധിച്ചു പൊതുവിൽ ഉള്ള പെട്ടിയിൽ ഇട്ടുകൊള്ളുമാറും ഈ വക നിലങ്ങളുടെ കാണവും ഉതുപ്പുമാപ്പിളയുടെ പറ്റിലുള്ള നെല്ല് 1,000 പറയും പിരിക്കും കാലങ്ങളിൽ രണ്ടു പക്ഷത്തിലും ഒള്ള ആളുകളും കൂടി പിരിച്ച് ഒന്നു പാതിയായിട്ടെടുത്തുകൊള്ളുമാറും ഇപ്പടി സമ്മതിച്ചു ഇന്ത കച്ചീട്ടെഴുതി കൊടുത്താൻ പുത്തൻകൂറ്റുകാരും ഇപ്പടി സമ്മതിച്ചു എഴുതിച്ചു കൊണ്ടാൻ പഴെകൂറ്റുകാററും.

(ഒപ്പ്) കശ്ശീശായൌസേപ്പു (കൽദായ അക്ഷരത്തിൽ)

++++

(ശരിപ്പകർപ്പ്)

ഇതുപോലെ ഒന്നു പുത്തൻ കൂറ്റുകാർക്ക് പഴയ കൂറ്റുകാർ എഴുതി കൊടുത്തിട്ടുണ്ട്.

## 3

കോട്ടയത്തെ വല്യപള്ളിയിൽ പുത്തൻകൂറ്റുകാരുകുറി. ടി.പള്ളിയിൽ പഴെ കൂറ്റുകാരും കണ്ടെന്നാൽ 71-ാമാണ്ടു രൂപാ വരി വന്ന വകയ്ക്ക് ഇപ്പോൾ പള്ളിക്കാര്യം കണ്ടെത്തുന്നതിനു വന്ന രൂപാ വരി പൊതുവിൽ കൊടുത്തു തീർക്കത്തക്കവണ്ണവും മേലിൽ നിലങ്ങൾ തിരിച്ചു കച്ചീട്ട എഴുതി മാറുകകൊണ്ടും ചാഖ്യാരൊട തൊട്ടമുള്ള നിലം 24 പറയും പഴനിലം ആകകൊണ്ടും പഴയനിലത്തിന്ന ഇപ്പോൾ രൂപാ വരി വേണ്ടാ എന്നും 72-ാമാണ്ടു നടക്കുമ്പോൾ രൂപാ കൊടുക്കണമെന്നു വന്നു എങ്കിൽ ഈ നിലം 24 പറയ്ക്ക് 71-ാമാണ്ടു വന്ന രൂപാ വരി എപ്പോൾ കൊടുക്കണമെന്നു വന്നാൽ ഞങ്ങളുടെ വീതത്തിനുള്ള രൂപാ പണ്ടാരവകയിൽ ഒടുക്കി പറ്റു ചീട്ടു വാങ്ങിച്ചുകൊള്ളുകയും ആം. ഇതു കഴികെ ഇനിയും വരുന്ന കരങ്ങൾ ഒക്കെ നിങ്ങൾ കൊള്ളുകയും വേണം. ഇതു 971-ാമാണ്ട് കർക്കടകമാസം 9-ാം നു എഴുത്തു.

(ഒപ്പ്) കശ്ശീശായൌസേപ്പ്

++++

(ശരിപ്പകർപ്പ്)

## 4

കോട്ടയത്തു വല്യപള്ളിയിൽ പഴെ കൂറ്റു പുറത്തു വികാരി അച്ചനുംശേഷം കത്തനാരച്ചന്മാരും എണങ്ങലെല്ലാവരും കൂടി ബോധിക്കെണ്ടും അവസ്ഥ.

എന്നാൽ 94 മാണ്ടു ധനുമാസത്തിൽ ബഹുമാനപ്പെട്ട മൺട്രോ സായ്പ് അവർകൾ നമ്മളെ നമ്മുടെ പള്ളിയിൽനിന്നും എറക്കിയാറെ അന്നു മുതൽ

ഇന്നെവരെയും സങ്കടം പറഞ്ഞു നടന്നാറെ നമ്മുടെ സങ്കടം തീർത്തു രക്ഷിപ്പാൻ എടവരാഞ്ഞതിനാൽ നമുക്കുള്ള വേദകർമ്മങ്ങൾ നേരാംവണ്ണം കഴിയാതെ ബുദ്ധിമുട്ടി പാർക്കകൊണ്ടും ഈ സങ്കടപ്രകാരങ്ങൾ ബഹുമാനപ്പെട്ട (കൊടുങ്ങല്ലൂർ) ഗൊവർണ്ണ ദൊരച്ചന്റെ അടുക്കൽ ബോധിപ്പിച്ചാറെ നിങ്ങളുടെ ഇടവകയിൽ ഒരു വീടു ഒഴിപ്പിച്ചു നന്നാക്കി വെടുപ്പുവരുത്തി കുർബാന ചൊല്ലത്തക്കതിൻവണ്ണം കല്പനതരികകൊണ്ടു ആവകയ്ക്കു ഞങ്ങൾക്കു പണ്ടാരവകയിൽനിന്നും അനുഭവം തന്നിരിക്കുന്ന പറമ്പുകളിൽ കെഴക്കെ എടയ്ക്കാട്ടെ പറമ്പും പുരയിന്മേലും വരുവാനുള്ള മുതൽ ഞങ്ങൾ പറ്റിയിരിക്കകൊണ്ടും പുരയും പറമ്പും പള്ളിക്കാര്യത്തിൽ ഞങ്ങൾ ഒഴിഞ്ഞു പതിവു തന്നിരിക്കകൊണ്ടും ഈ വക പറമ്പു അച്ചടി ഓലയിൽ എഴുതി തരെണ്ടുന്നതിനു അച്ചടിഓല വാങ്ങിച്ചു നടുവെഴുത്തുപിള്ളയെകൊണ്ടു എഴുതിച്ചു. ആധാരവും കൊണ്ടുവരുമ്പോൾ ആധാരത്തിൽ ഞങ്ങൾ എഴുത്തു ഇട്ടുതന്ന കണക്കിൽ പള്ളിക്കാര്യത്തിൽ പൊക്കുവരത്തും എഴുതിച്ചു കൊള്ളുകയും ആം. ഈവക പറമ്പിന്മേലും പുരയിലും ഞങ്ങൾക്കും ഞങ്ങളുടെ അനന്തിരവർക്കും മേലിൽ ഒരു സങ്കടവും ഒരു ചേദ്യവുമില്ല. എന്നാലിതു 996-ാമാണ്ട് കുംഭമാസം 20 നു എടയ്ക്കാട്ടു കൊച്ചു മാത്തു തരകൻ ചാണ്ടിയും ടിയിൽ കോര ഇട്ടിമാത്തളയും കൂടി എഴുത്തു. (ഒപ്പ്) (ഒപ്പ്)

(ശരിപ്പകർപ്പു)

(Sd) Mathew Vattakalam (Vicar)

Kottayam
15th Aug. 1909

ഭാഗം ചെയ്തതിന്റെ ശേഷം രണ്ടു കൂട്ടർക്കും പൊതുവായും ഓരോരുത്തർക്കു തനിച്ചും വസ്തുക്കളും വെച്ചുപൂട്ടുകളും ഉണ്ടായിരുന്നു. ഇതിൽ പൊതുവായിട്ടുള്ളതിൽ വീതവും തനതായിട്ടുണ്ടായിരുന്ന ജംഗമസ്വത്തുക്കളിൽ പലതും കിട്ടിയിട്ടില്ലെന്നാണറിയുന്നത്.

പഴയകൂറ്റുകാർ വലിയ പള്ളിയിൽ നിന്ന് ഇറക്കപ്പെട്ടതിന്റെ ശേഷം വല്യപള്ളിവികാരി എന്ന നാമത്തിൽ പള്ളിയിടപ്പെട്ട കാര്യങ്ങൾ മൂന്നു വർഷത്തേയ്ക്കു അയൽപള്ളികളിൽവച്ചു നടത്തിവരുന്നു. വേറെ പള്ളിവെക്കുന്നതിനു സൗകര്യമായ സ്ഥലം കോട്ടയത്ത് അന്വേഷിച്ചതിൽ കിട്ടാതെ വരികയാൽ ഇവിടെനിന്നു രണ്ടുനാഴിക ദൂരമുള്ള പാണ്ടോത്തുകുന്നേൽ പള്ളിക്കായി സ്ഥലം വാങ്ങിച്ചു എങ്കിലും ദൂരംകൊണ്ടും അങ്ങാടിയിൽ നിന്നും വിട്ടുപോകുന്നതുകൊണ്ടുള്ള മനസ്താപം നിമിത്തവും ഒടുവിൽ അവിടെ പണി ചെയ്യേണ്ട എന്നു വയ്ക്കുകയും, ഭാഗ്യവശാൽ ഇപ്പോൾ പള്ളി പണി ചെയ്യപ്പെട്ടിരിക്കുന്ന ഇടയ്ക്കാട്ടു പുരയിടം ലഭിക്കുന്നതിനിടയാകയും ചെയ്തു. ഈ പള്ളി പണി ചെയ്യുന്നതിനു മുമ്പായി ഇതിനോടു ചേർന്നുള്ള വലിയപള്ളിയുടെ ദർശനഭാഗത്ത് താഴെ പടിഞ്ഞാട്ടു ദർശനമായി ദൈവമാതാവിന്റെ നാമത്തിൽ ഒരു ചെറിയ പള്ളി പണിചെയ്യിക്കുകയും അവിടെ ആദ്യം കർമ്മങ്ങൾ നടത്തിവരികയും ചെയ്തിരുന്നു. വല്യപള്ളിയുടെ താഴെയുള്ള സ്ഥലത്തു പണിചെയ്യപ്പെട്ടതുകൊണ്ട് അതിനും താഴത്തുപള്ളി എന്നു പേരു നടപ്പായി. പ്രധാനപള്ളി ഇടയ്ക്കാട്ടു പുരയിടത്തിൽ പണിയപ്പെട്ടതുകൊണ്ടാണ് അതിന് ഇടയ്ക്കാട്ടുപള്ളി എന്നു പേർ പറയുന്നത്. ഈ പള്ളി തീർന്നതിന്റെ ശേഷം ചെറിയ പള്ളി സെമിത്തേരിയായിട്ട് ഉപയോഗിച്ചുപോരുന്നു. ഇടയ്ക്കാട്ടുപപള്ളി, കിഴക്കുപടിഞ്ഞാറായി ഒഴുകിക്കൊണ്ടിരിക്കുന്ന മീനച്ചിലാറിന്റെ

തെക്കെ തീരത്തുള്ള വല്യങ്ങാടിയിൽ ആറ്റിലോട്ടും റോട്ടിലോട്ടും ദർശനമായി സ്ഥിതി ചെയ്യുന്നു. കോട്ടയം പട്ടണത്തിലുള്ള ഏക സിറിയൻ കത്തോലിക്കാ പള്ളിയായ ഈ ഇടയ്ക്കാട്ട് പള്ളിയിൽവച്ച് ആദ്യകാലം മുതലേ പല പ്രധാന സംഭവങ്ങളും നടന്നിട്ടുണ്ട്. അവയിൽ ചിലതു വായനക്കാരുടെ അറിവിലേയ്ക്ക് താഴെ ചേർത്തുകൊള്ളുന്നു.

1968 മുതൽ വരാപ്പുഴെ വികാരി അപ്പസ്തോലിക്കാ ആയിരുന്ന ലേയോനാർദ് മെത്രാപ്പോലീത്താ അവർകളുടെയും അദ്ദേഹത്തിന്റെ കൊ അദ്യുത്തോരായ മർസ്ളീനോസ് മെത്രാൻ അവർകളുടെയും ഈ പള്ളിയിലേയ്ക്കുണ്ടായ വിസിറ്റിൽ ഇവിടെവച്ചു പലർക്കും ഗുരു പട്ടം മുതലായവകൊടുക്കപ്പെട്ടിട്ടുണ്ട്.

സുറിയാനിക്കാരെ വരാപ്പുഴ ഭരണത്തിൽനിന്നു വിടർത്തി, 1887-ൽ സുറിയാനിക്കാർക്കു തനിച്ചു തെക്കും വടക്കുമായി രണ്ടു വികാരിയാത്തുകൾ സ്ഥാപിച്ചപ്പോൾ തെക്കെ മിസത്തിന്റെ തലസ്ഥാനി കൊട്ടയവും അതിന്റെ ഭദ്രാസനപ്പള്ളി ഈ ദേവാലയവുമായിത്തീരുകയും കോട്ടയം വികാരി അപ്പസ്തോലിക്കാ ഡോ.കാർളോസ് ലവീഞ്ഞ് മെത്രാൻ അവർകൾ 1888 ഇടവം 10-ാം തീയതി നമ്മുടെ കർത്താവിന്റെ കരേറ്റത്തിരുനാളിൽ ആഘോഷപൂർവ്വം ഇവിടെ എത്തി തന്റെ ബൂളാ പ്രസിദ്ധം ചെയ്കയും ചെയ്തിട്ടുണ്ട്.

1889 കുംഭം 8-ാം തീയതി ഇൻഡ്യയുടെ ഡലിഗേറ്റ് അപ്പസ്തോലിക്കാ മോൺസിഞ്ഞോർ അന്ത്രയോസ് അയൂത്തി അവർകളെ ഈ പള്ളിയിൽ ആഘോഷപൂർവ്വം കൈക്കൊണ്ടിട്ടുണ്ട്.

1892 തുലാം 27-ാം തീയതി ലവീഞ്ഞു മെത്രാനവർകൾ ഈ പള്ളിയിൽ ഇരിക്കുമ്പോൾ കോട്ടയം സന്ദർശിക്കാനായി വന്നിരുന്ന അന്നത്തെ മദ്രാസ് ഗവർണ്ണറായ ബഹുമാനപ്പെട്ട വെൻലോക്കു പ്രഭു അവർകൾ കോട്ടയത്തെ വല്യപള്ളി, ചെറിയപള്ളി മുതലായവ സന്ദർശിച്ച അവസരത്തിൽ ഈ പള്ളിയിലും കയറിയിട്ടുണ്ട്.

13-ാം ലെയോ മാർപ്പാപ്പാ തിരുമനസ്സിലെ പാപ്പാസ്ഥാനത്തിന്റെ 25-ാം കൊല്ലം തികഞ്ഞ ജൂബിലി മഹോത്സവവും 1908 കന്നി 27-ാം തീയതി 10-ാം പീയൂസ് മാർപാപ്പാ തിരുമനസ്സിലെ ഗുരുപ്പെട്ട സ്വർണ്ണജൂബിലി മഹോത്സവവും ചങ്ങനാശ്ശേരി മിസത്തിന്റെ പൊതു ആഘോഷമായി ഒട്ടനേകം പള്ളിക്കാരുടെ സാന്നിദ്ധ്യത്തോടുകൂടി ഇവിടെവച്ചു കൊണ്ടാടപ്പെട്ടിട്ടുണ്ട്.

1903 വൃശ്ചികം 7-ാം തീയതിയും 1908 തുലാം 17-ാം തീയതിയും ഇപ്പോഴത്തെ ഡലിഗേറ്റ് അപ്പസ്തോലിക്കാ മോൺസിഞ്ഞോർ സലേസ്ക്കി അവർകൾ ഈ പള്ളി സന്ദർശിച്ചിട്ടുണ്ട്.

ഇപ്രകാരമുള്ള സംഭവങ്ങൾ കോട്ടയം പട്ടണത്തിലുള്ള ഈ സുറിയാനി പള്ളിയിൽ തുടരെ നടന്നുകൊണ്ടിരുന്നു. ഇവിടെ നാനാജാതി മതസ്ഥന്മാർ നിവസിക്കുന്നതുകൊണ്ടും; കോട്ടയം തിരുവിതാംകൂറിലെ ഒരു പ്രധാന ഡിവിഷ്യന്റെ തലസ്ഥാനമായതിനാലുമാണ്. ഈ കാരണത്താലാണ് എല്ലാവർക്കും ഈ പള്ളിയോടു ഒരു പക്ഷമുണ്ടായിരിക്കുന്നതും. ഇപ്പോഴത്തെ ബഹു. വികാരി അച്ചൻ അവർകളുടെ ഉത്സാഹത്താൽ ഈയിടെ ഇവിടെ ചില പ്രത്യേക ചായപ്പണികളും മറ്റും ചെയ്യിച്ചു പൂർവ്വാധികം ഭംഗിയാക്കുന്നതിനിടയായിട്ടുള്ളതുമെന്നും ഗ്രഹിക്കാവുന്നതാണ്.

# കുമരകത്ത് പുത്തൻപള്ളിയുടെ ചിന്ത്*

അൻപരിലമ്പനരുളാലിമ്പമേറും കുമരകത്ത്
അമ്പോടെ വെച്ച പള്ളി തന്നുടെ മഹിമകൾ
തിരിച്ചു പറഞ്ഞിടുവാൻ
ആദരവാൽ ദേവാലയമിതിൽ വാഴും പുണ്യസഹദാ
യോഹന്നാനെപ്പോംസേനോസെത്രയും കരുണയാൽ
തുണയ്ക്കടിയങ്ങൾക്ക്
ഇഷ്ടമൊത്ത കോട്ടയത്തിടവകക്കാരായ
രണ്ടുദിക്കിലുമുള്ള ജനങ്ങൾ വിവദിച്ചു
വഴക്കു വളരുകയാൽ
ഈഴൽ കൂടാതിരിപ്പാനും ദിഷ്ടതികൾ പോക്കുവാനും
വെക്കണമൊരു പള്ളി നമുക്കെന്നുറച്ചുടൻ
ദൈവമെ ശരണമെന്ന്
ഉത്തമനാം വരാപ്പുഴെ വാണിരിക്കും വേദവാഴി
അച്ചനെ ബോധിപ്പിച്ചു മറു ഭാഗികൾ ചെന്ന്
കല്പന വിരോധം ചെയ്തു.

---

* കുമരകത്ത് പുത്തൻപള്ളി കൊല്ലം 1107-നു ക്രിസ്തുവർഷം 1841 തുലാം 28-ാം തീയതി വള്ളാറ പുരയിടത്തിൽ സ്ഥാപിക്കപ്പെട്ടു. ഇതിന്റെ സ്ഥാപനത്തിന് പ്രധാന കാരണക്കാർ വട്ടക്കളത്തിൽ ബഹു.കുരുവിള യൗസേപ്പു കത്തനാർ അവർകളും ചെറുശ്ശേരി, പുതിയെടം മുതലായ കുടുംബക്കാരുമാണ്. പള്ളിക്കു കല്ലിട്ടതും അവിടെ ആദ്യപൂജ അണച്ചതും അന്നു കോട്ടയത്തു ഇടയ്ക്കാട്ടു പള്ളിയുടെ വികാരിയായിരുന്ന പ്രസ്തുത ഇടവക തറേൽ ബഹു. എസ്തപ്പാൻ കത്തനാർ അവർകളാണ്. ഈ പള്ളിയുടെ സ്ഥാപനത്തിന് സ്ഥലനിവാസികളായ നായന്മാരിൽനിന്ന് പല വിരോധങ്ങളും ഉണ്ടായിട്ടുണ്ട്. എങ്കിലും അവരിൽ ഒരു പ്രധാനിയായിരുന്ന മണിയലെ ചന്ദ്രക്കാരന് രാത്രിയിൽ ഒരു അത്ഭുതദർശനം ഉണ്ടായതോടുകൂടി ഇതു നീങ്ങുകയും അവർതന്നെ ക്രിസ്ത്യാനികളോടുകൂടി തിരുവനന്തപുരം വരെ പോയി പള്ളി സ്ഥാപനത്തിന് വേണ്ട ഉത്തരവു മുതലായവ വാങ്ങിച്ചുകൊണ്ടുവരുന്നതിന് ഉത്സാഹക്കാരായിത്തീരുകയും ചെയ്തു. ചന്ദ്രക്കാരൻ കണ്ട അത്ഭുതദർശനം അദ്ദേഹം പറഞ്ഞതായി കേട്ടിട്ടുള്ളതുപോലെ താഴെചേർക്കുന്നു. രണ്ടു മൂന്നു രാത്രിയിൽ മുടങ്ങാതെ കറുത്ത ഉടുപ്പും അതിന്റെ മുകളിൽ ഒരു ചെറിയ വെളുത്ത ഉടുപ്പും അതിന്റെ മീതെ ചുവന്ന പട്ടും തലയിലൊരു തൊപ്പിയും വച്ചിട്ടുള്ള ഒരു കത്തനാർ ഒരു കൊമ്പുമായി വന്ന് 'നിങ്ങളെന്തുകൊണ്ടു തടസ്സം ചെയ്യുന്നു നീ കൂടെ ഇതിനു പോകണം' എന്നു പറഞ്ഞ് ഉറക്കത്തിൽ ഭയപ്പെടുത്തി വന്നിരുന്നു. ഒടുവിൽ ഇതു വെളിക്കു പറയാതെ നിവൃത്തിയില്ലെന്നു വന്നപ്പോഴാണ് ഈ സംഗതി പറയുന്നതിനും മാപ്പിളമാരോടുകൂടി തിരുവനന്തപുരം വരെ പോകുന്നതിനും ഇടയായത്. ചന്ദ്രക്കാരന്റെ ഈ കാഴ്ച കൊണ്ട് ഇയാൾ ഈ പള്ളിയുടെ നാമധാരിയായ വി.യോഹന്നാൻ നെപ്പുംസ്യാനോസ് പുണ്യവാനാണെന്ന് ഗ്രഹിക്കാവുന്നതാണല്ലോ.

ഊറ്റമേറും പനങ്കുഴെ അച്ചനെ വേദവാഴിയാൽ
അച്ചനു കുറ്റം ചൊല്ലീട്ടദേഹം വന്നു പഴയ
പള്ളിക്കു വികാരിയായി
എന്ന വാർത്ത ബോധിപ്പിച്ചു നേരതെന്നു ഗ്രഹിച്ചപ്പോൾ
പള്ളി വേറൊന്നു വെപ്പാൻ ദിഷ്ടിതിയുണ്ടെന്നുറ-
ച്ചുറ്റനുവാദവും നൽകി
ഏറ്റവും ബഹുമാനരക്ഷകനായ പുണ്യൻതന്റെ വീടായ്
വെക്കണമെന്നു വന്നതോർത്തു ചിന്തിച്ചു കണ്ടാൽ
ആശ്ചര്യമധികമുണ്ട്
ഐക്കിയാനികളായവരും സമ്മതിച്ചു നീട്ടുവാങ്ങി
ബഹുമാനമായുള്ള വികാരി അച്ചൻ വന്നു
കല്പനയാലെ കല്ലിട്ടു
ഒത്തുകൂടി നിരൂപിച്ചു കുമരകത്തു പള്ളി
എത്രയും മനോഹരം തീർത്തതങ്ങതു കണ്ടാൽ
എന്തിതു പറവതയ്യാ
ഓവിയേറും യോഹന്നാനെപ്പോംസേനോസു സഹായത്താൽ
ഒമ്പതുമാസം കൊണ്ടു പള്ളിയും പണി തീർന്നു
കുർബാനകളും ചൊല്ലി
ഔവ്വനം പൊന്നണിഞ്ഞുള്ള കാസാകളരുളിക്കായും
കുരിശു കുട കൊടി കുപ്പായം ധൂമക്കുറ്റി
അറ്റമില്ലോരോതരങ്ങൾ
അക്കനമെ ഒരുത്തർക്കും ഒന്മകേടു വരുത്താതെ
വെക്കമെ ആലാഹാതൻ ദക്ഷിണഭാഗത്താക്കി
രക്ഷിക്ക യോഹന്നാൻ സഹദാ

# കണ്ണങ്കരപ്പള്ളിയുടെ ചിന്ത്

അംബരം ഭൂതലം സർവ്വം സൃഷ്ടി ചെയ്ത ബാവാതങ്കൽ
വിശ്വസിച്ചടിയാൻ തന്റെ ആത്മജൻ ഈശോമിശിഹാ
നരരക്ഷകൻതന്നെയും
ആദവും താൻ സന്തതിയും രക്ഷ ചെയ്വാൻ ഈയാൾ പുത്രൻ
പരിശുദ്ധ റൂഹായാലെ കന്യക മറിയത്തിൽനി-
ന്നുത്ഭവിച്ചിങ്ങു ജാതനായ്
ഇക്ഷിതിയിൽ സത്യവേദം ഉറപ്പിച്ചു മാമ്മോദീസാ
കല്പിച്ചു രക്ഷ ചെയ്വാൻ കുരിശിന്റെ ശിക്ഷയേറ്റു
മൃതരിൽനിന്നു ജീവിച്ചു.

* തകടിയേൽ ഇട്ടിയവിരാ അവർകളാൽ ഉണ്ടാക്കപ്പെട്ടത്.

നീളെയെല്ലാമറിയിപ്പാൻ സാക്ഷിയായ ശ്ളീഹന്മാരിൽ
കല്പിച്ചു മാർത്തോമ്മായെ ഹിന്ദുവാം രാജ്യം തന്നിൽ
    വന്നിങ്ങു സത്യമറിയിച്ചു
ഉത്തമന്റെ കരത്താലെ വെച്ചു സ്ളീബാ ഏഴിവിടെ
സത്യമാം വഴിയറിയിച്ചു കാലം പ്രാപിച്ചശേഷം
    വന്നിങ്ങു രണ്ടാം ശ്ളീഹായായ്
ഊഴിയിൽ പല മാനുഷർക്കു ദിവ്യമായ പ്രംസീസ്ക്കോസ
ശൌര്യാരെന്നുള്ള ദേഹം പട്ടം താൻ കൈക്കൊണ്ടരുളാൽ
    വന്നിങ്ങു സത്യമറിയിച്ചു
ഏറിയൊരു ജനങ്ങളെ മോക്ഷവഴിക്കയച്ചോരു
പരിശുദ്ധൻ തന്റെ ദേഹി പ്രാപിച്ചു സ്വർഗലോകം
    വാഴുന്നു പ്രാർത്ഥിച്ചടിയാർക്കായ്
അയ്യർ തൻ തിരുവുള്ളമോടെ തന്റെ ദേഹം ഗോവതന്നിൽ
നിദ്രാഭാവത്തോടേറ്റം വിശ്വാസഭക്തന്മാരും
    കാണുന്നീ മവുദ്യാനാ തന്നെ
ഓർത്തിതിന്നിട കൂപ്പിളിക്കാട്ടാലയത്തിൽ ചാക്കുണ്ണിയും
മറ്റുള്ളവരോടേക ചിത്തമായാലോചിച്ചു
    വെക്കണം പള്ളി നമുക്ക്
അമ്മകന്നി തന്റെ നാമം കടു[illegible] നിന്ന്
കുരിശാലയമായ് വെപ്പ[illegible]ുവാദം നൽകിയതും
    പ്രംസീസ്ക്കോസപ്പ[illegible]
അവ്വനമീപള്ളി [illegible]
അഷ്ടദശമാം തിങ്കൾ മേടം പത്താം നാളതിൽ
    കല്ലുമിട്ടടിസ്ഥാനവും
അക്കനം മാർ പ്രംസീസ്ക്കോസിൻ പള്ളിതന്നിൽ പ്രവേശിച്ചു
സാഷ്ടാംഗം ചെയ്തു തന്നെ സേവിക്കും മാനുഷരെ
    സന്തതം രക്ഷിക്കും മിശിഹാ.*

---

* കണ്ണങ്കരപ്പള്ളി കൊല്ലം 1018-ാം തീയതി ക്രി.വ. 1842-ൽ സ്ഥാപിക്കപ്പെട്ടു. ഈ പള്ളിക്കു കല്ലിട്ടതു മാന്നാനം കൊവേന്തയുടെ പ്രിയോരായിരുന്ന വന്ദ്യ ദിവ്യ ശ്രീ.ചാവറ കുറിയാക്കോസച്ചൻ അവർകൾ ആണ്. ആദ്യപൂജ അണച്ചതു കടുത്തുരുത്തി വല്യപള്ളി ഇടവക ബഹു. കുന്നച്ചേരിൽ വല്യച്ചനാണ്.ഈ പള്ളിയുടെ സ്ഥാപനത്തിനു കാരണഭൂതന്മാർ കൂപ്ളിക്കാട്ടു കുടുംബക്കാരാണ്. തെക്കും ഭാഗസമുദായത്തിലെ ഇപ്പോഴത്തെ വികാരി ജനറാളായ വന്ദ്യ ദിവ്യ ശ്രീ കൂപ്ളിക്കാട്ടു മത്തായി കത്തനാർ അവർകൾ ഈ കുടുംബത്തിലെ ഒരംഗമാണ്. പ്രസ്തുത കുടുംബക്കാരുടെ വക കണ്ണങ്കരപുരയിടത്തിൽ സ്ഥാപിച്ചതുകൊണ്ടാണ് ഈ പള്ളിക്കു കണ്ണങ്കരപ്പള്ളി എന്നു പേർ പറഞ്ഞുവരുന്നത്.

# കല്യാണ പാദങ്ങൾ

## (1)

കന്നിനിൻപാദം വാഴും കോട്ടയകത്തു പള്ളിയിൽ
ഉമ്മായേനും പാത്തീരയ്യാ.
അന്നതനുജയൊരു കന്നിമറിയമുടെ
പുത്രരിലിതമൊടു ശിക്ഷതെളിവതിന്നായ്
വച്ചതിലകമണി തൻകലുളവിപദം കന്നി
തക്കച്ചിതലവുമളവൊത്ത പൊഴുതിനഹം-
തന്നോടരുളി മൃതി മൂന്നു ദിവസം മുമ്പേ
ചൊന്നതറിഞ്ഞുവന്നു ചേർന്ന ശ്ളീഹന്മാരും
തോമ്മായെന്നുള്ളയവർ കണ്ടു പറഞ്ഞു ചൊല്ലീ-
ട്ടാനന്ദം വരണമെന്നടങ്ങിയാ ഹോശാപ്പാത്ത്-
കന്നിയുടയകവർ തൻ കലുളവി പദം കന്നി
പിന്നെ മൂന്നാകുംദിനം മിശിഹാതാനെഴുന്നള്ളി
കബറിൽ നിന്നുയർപ്പിച്ചിട്ടാകാശത്തിൽ ചേരും ഘോഷം
വെളിപെട്ടു തോമ്മാ കണ്ടു വഴിയിൽ നിന്നഴുതപ്പോൾ- കന്നി
കന്നിതൻ കൊർദ്ധായെ എടുത്തുകൊണ്ടവർ ചെന്നു
സഖിമാരോടറിയിച്ചു തുറന്നങ്ങു കബറിടം
ഉടലില്ലാസ്ഥലം തന്നിൽ സ്തുതികൾ മൂന്നാകും ദിനം
അതുകണ്ടു തെളിഞ്ഞവർ സ്തുതിച്ചു മോക്ഷവും നേടി- കന്നി
അമ്പൊടു കന്നിയിൽ വന്നു പിറന്നൊരു
ബാവായുടെ തിരുമനസ്സരുളാലെ
ഈടല്ലാതൊരു ഗോഗൃഹശാലയിൽ
വന്നു പിറന്നതുമവനുടെയരുളാൽ കന്നി
ഇമ്പമൊടുമ്മാ ഉണ്ണിയേയും കണ്ട്
ഹൃദയമതുങ്കൽ സന്തോഷിച്ചു
ഉത്തമനായവനൊരുവൻ ബാവാ
കണ്ടവർ പലവക തമ്മിൽ മറന്നു- കന്നി
തുമ്പമൊഴിഞ്ഞകതാരഴിവോടെ
സന്തതവും സ്തുതി ചെയ്യുന്നവരെ
മോക്ഷപദത്തിൽ ചേർപ്പതിനായി-
ട്ടുറ്റുതകീടുക, കന്നി ശരണം- കന്നി
അമ്പൊടു തെക്കും വെൺപല നാട്ടിൽ
മുമ്പൊരു പള്ളിയതായതുമവിടെ
കോട്ടയകത്തിഗിരേശതു തന്നിൽ
കന്നിയിരിപ്പിടമെന്നേ തോന്നും- കന്നി

(2)

അന്നാതനൂജസുതനേ! ആദിനായകാ! ആലമെല്ലാമുടയോനേ
മന്നരിൽ മരുവിയ മനുകുലമവർകളിൽ
മുന്നമവർകൾ പിഴയുലകിൽ വളർത്തു
വന്നിസറാവഴിയരുളിയ മിശിഹാ
പങ്കമിങ്കലറയരുളേണമീശോ- അന്ന
കന്നിയിൽ വിരവൊടു നിന്നൊരു ഗർഭം
കല്പനയുടയവനരുൾ മൊഴിയാലെ
ചെന്നിതു മലമുകൾ പെരിയവനരുളാൽ
ചന്തമൊത്ത മറിയവുമെവുസേപ്പും- അന്ന
പല പല മൃഗകുലമുറെയറഗേഹം
പരിചൊടു മലയിൽ പശുവതു ഗേഹേ
ഉലകിൽ വളരുമതിനഴകൊടു ജനനം
ഒന്മെയമ്മ കരുതുമൊരഴൽ കളവാൻ- അന്ന
മുപ്പതിൽ മുഴുകിയ മാമ്മോദീസാവഴി
മുഴുവനരുളിയടിയാരുടെ പെരിയോൻ
അക്ഷണമുഴറി മരിച്ചിതു കുരിശിതു
അരുൾപെരിയ കുരിശിൽ വിരവൊടു മോക്ഷം- അന്ന

(3)

കാർത്തരുളേണമേ മമനാഥൻ നാമനാഥാ
 മാർത്തോമ്മായേ ശരണം
രക്ഷകനുടെ വഴി തൽക്ഷണം ഗ്രഹിതനാം
 ശിഷ്യനായവൻ ബഹു ഗുരുഭക്തൻ കാർത്ത
സർവേശ്വരതിരുമുറിവതിലംഗുലം
 അരുളാൽ തൊട്ടൊരു കുതൂഹലവും
സർവ്വഗുണാംബുധി മരിയാളുടെ തിരു-
 ചമയച്ചരടു നീ വാങ്ങിയതും
അറിവേറിന ഗുരുത്രീനൃപർ മുതൽ
 അനവധി നരരെയുമരുൾവഴിയേ
അറിവാക്കിത്തവ കരമതിനാലെ
 ജ്ഞാനസ്നാനം നൽകിയതും
അരചനായ ചോഴൻ തരിക ധീരൻ
 ഒരു സുലോവിൽ പണിന്തതും
അതിശയമിതു തവകവളിലടിച്ചവനെ
 പിടിച്ചു വ്യാഘ്രം കരത്തേൽ
ഒടിച്ചു വാങ്ങിയതും ശ്ളീഹാ- കാർത്ത
 മിശിഹായുടെ അരുൾവഴി അറിയിച്ചതും
ശ്ളീഹായുടെ തവ മരണമതും

മൈലാ എന്നൊരു ഗിരിയിൽ പെരിയൊരു
പുരിയിൽ ധനുമെഴുമൂന്നതിലും
ശുദ്ധത പെരുകിയ തന്നുടെ അസ്ഥികൾ
വച്ചിതു ഉറഹാപള്ളിയിലും
കർക്കടകത്രിദിനമതുമോർത്തഴൽ
ഉൾക്കനിവാൽ സ്തുതി ചെയ്വതിനും
പരമനാഥശിഷ്യാ, തരിക രക്ഷ,
സരസ്സമോക്ഷേ വസിപ്പാൻ
അനവധി മനഗുണവരരുടെ തിരുമന-
സ്സടിയനിൽ വരുവതിനൊരു വഴിയായ് മമ- കാർത്ത
മാറാനുടെ വഴി മലയാളേ ബഹൂ-
കൂറാൽ നീ അറിയിച്ചതും
മാർഗ്ഗം നേടിയവർക്കു സ്തുതിപ്പിടം
ആക്കുവതിന്നായി സപ്തസ്ഥലേ
ചന്തത്തിൽ പണിചെയ്തു നീ സന്തതം
കുരിശും ചമച്ചതിലൊരു സ്ഥലവും
ചായൽപള്ളിവിചാരകനായ
മമനാഥൻ തവ കാരണവും
ശത്രുവായ വസ്തു കരിശനത്താൽ
തവപുരത്തെ, തൃജിച്ചരുൾ
പെരിയ പുന്നത്തുറയിൽ മരുവും ദേവാലയവും
ചമച്ചുവസിപ്പതോർത്തു തുണയ്ക്കമാർത്തോമ്മാശ്ലീഹാ- കാർത്ത

# മാർഗ്ഗം കളിപ്പാട്ട്

## വന്ദന ഗാനം

മെയ്ക്കണിന്ത പീലിയും മയിൽമേൽത്തോന്നും മേനിയും
പിടിത്ത ദണ്ഡും കയ്യും മെയ്യും എന്നന്നേയ്ക്കും വാഴ്കവെ
വാഴ്ക വാഴ്ക നമ്മുടെ പരീക്ഷയെല്ലാം ഭൂമിമേൽ
വഴികൂറായ് നടക്കവേണ്ടി വന്തവരോ നാമെല്ലാം
അഴിവുകാലം വന്നടുത്തു അലയുന്ന നിൻമക്കളെ
അഴിയായ്വണ്ണം കാത്തരുൾവാൻ കഴിവു പേശുക മാർത്തോമ്മാൻ
മലമേൽനിന്നു വേദ്യനമ്പു ചാർത്തിമാറി എന്നപോൽ
മൈൽമേലേറി നിന്ന നില കാണവേണം പന്തലിൽ
പട്ടുടൻ പണിപ്പുടവ പവിഴമുത്തു മാലയും
അലങ്കരിച്ച പന്തലിൽ വന്നുതകവേണം മാർത്തോമ്മാൻ
അലങ്കരിച്ച പന്തലിൽ വന്നെഴുന്തരുൾക മാർത്തോമ്മാൻ
അലങ്കരിച്ച പന്തലിൽ വന്നരുൾതരേണം മാർത്തോമ്മാൻ

(ഒന്നാം പാദം)

തമ്പുരാൻ മുമ്പാകെ കൊണ്ട പുകഴ്ച
താശിയാൽ മാർഗ്ഗം വിളയും നാട്ടിൽ
മൂവരൊരുവന്റെ കല്പനകൊണ്ട്
മുൻപിനാലുണ്ടായ പള്ളിയിടത്ത്
ആദിയെ മുൻപു ശിലോമ്മോൻ ചമച്ച
ആലയം ഭാഷയിൽ കണ്ടൊരു ചോഴൻ
ആയതുപോൽത്തന്നെ നമുക്കുമിങ്ങു
ആദരാലൊന്നു ചമയ്ക്കതേണം.

(രണ്ടാം പാദം)

എന്നതുറച്ചുടനൻപാൽ രാജൻ
ഏകിതു വേഗേന ആവാനോട്
തേനോടു പാലുമൊഴുകും നാട്
തേവരിപട്ടണമാകുംദേശം
തേറിയതിന്നു മേലില്ലഭൂമി
ദൈവമിരിപ്പിടമെന്നും ചോല്ലാം
തെക്കുവടക്കൊരു പശ്ചിമദിക്ക്
ദണ്ഡനമസ്കാരം ചെയ്യും ഭാഗം
ആയവിടത്തിനു നീ ചെന്നിട്ട്
ആകുലമെന്നിയെ തച്ചരെ നോക്ക്
കണ്ടവരഞ്ചിത്തെളിയുംപോലെ
കൊണ്ടുപോകണം നീ വേണ്ടും ദ്രവ്യം

എന്നിവ ചൊല്ലിക്കനകം നൽകി
എന്നിവരുംവഴി പോവാനേകി
ആയതുകേട്ടുടനാവാൻ താനും
ആദരിച്ചമ്പോടെ വേണ്ടും കോപ്പ്
കൂട്ടിയടുപ്പിച്ചൊരാളോടേകി
കൂടി നിരൂപിച്ചു വേണ്ടും പോലെ
മാത്രയൊഴിയാതെ ചേർച്ചയാലെ
യാത്ര പുറപ്പെട്ടു നേർവഴിക്കു.

(മൂന്നാം പാദം)

കടലുംകരയുമൊരുപോൽ വഴിയാൽ
കയ്യാർ മരവുന്നവനെ തുണ നീ
കരുണക്കടലെ കടലിൽനിന്നെന്നെ
കരകൊണ്ടുതകേണം കാര്യമിതിനെ
ഇതുതരമായുള്ള വചനം ചൊല്ലി
സ്തുതി ചെയ്തരുളാലെ കപ്പൽകരേറി
കാറ്റോടു പെശർകൾ മറുതലയാതെ
കരചേർന്നരുളാൽ ഹിതമിയ നാട്ടിൽ
പുക്കതിലാരായ്‌വാൻ നൽവഴി കേട്ടൻപാൽ
തക്കവരോടു ചേർന്നണഞ്ഞു മാഹോസാ
ദിക്കുപുക്കതിലവരുഴലുന്നപ്പോൾ
തിറമോടെ കർത്താവു കാണപ്പെട്ടു.

(നാലാം പാദം)

അരുൾചെയ്തിതാചാരമെങ്ങുനിന്നെന്നും
ആരെന്നുമതെന്തെന്നും മുതലേതെന്നും
അതിനിഹകാരണമെങ്ങനെയെന്നും
അതു പൊഴുതായവരറിയിച്ചപ്പോൾ
വിധമിതു നീയറിക അരചൻ ചോഴൻ
വിധിവിഷയംപ്രതി അടിയാർവന്നു
വിരവിലൊരാശാരി നല്ലോനേക്കാണ്മാൻ
വിനയറുമറ്റു പണികൾക്കെന്നാൽ
കഴിവിതിനെവ്വനമെന്നരുൾചെയ്ക
കരുതിയതിന്നൊരു വഴിയെ പോവാൻ
കഴിവിതിനാരിതു കാരണമെന്നും
കൈകരമില്ലാതുള്ള മനുവും ദിക്കിൽ
ഇവരിതു ചൊന്നതിനുത്തരമൻപാൽ
ഹിതം വരുമാറരുൾ ചെയ്തിതു മാറാൻ
ഇടമതിൽ നിന്നരനാഴിക മുൻപെ
ഇടമതിൽ നിന്നൊരു തച്ചനെ നൽകാം.

(അഞ്ചാം പാദം)

മരമൊടു കല്ലുകൾ കനകം വെള്ളി
മനമിയലുംപടി ചെമ്പുമിരുമ്പും
മറ്റുംപലവക വേണ്ടുംപണികൾ
മഹിമയൊടരിമകളെല്ലാം ചെയ്യും
മനുവിവനെതിരില്ലൊരുവൻ തച്ചൻ
മറിവില്ലേതും പണികൾക്കഴകാൽ
ഇത്തരമുത്തരമായുള്ള വചനം
ഇഛരവരുംപടി കരുതിയുറച്ച്
ഇവരോടിതമായരുൾ ചെയ്യുമ്പോൾ
ഇമ്പമോടരൂപികൾ തിരുമനസ്സാലെ
ഇയൽവഴിയെത്തിയണഞ്ഞു റൂഹായിൽ
ഇണതാനായോനെയെടുത്താകാശെ
ദൂതരോടൊരുമിച്ചവ്വഴികൂടി
വിധമൊരു തച്ചനു സാദൃശമായി
വിരവോടെ അരനാഴിക മുമ്പെ
വിശ്വമിടങ്കയ്യിലായവനൊരുവൻ
വിധിയുടെ അരചൻ തിരുമുമ്പാകെ
വിധിപോലെ വന്നു നിന്നിതു തോമ്മാ.

(ആറാം പാദം)

വിരവിലീവരവു കണ്ടാനന്ദിച്ചു
വിദഗ്ധനെന്നുറച്ചുള്ളിലാശകൊണ്ടു
വേസ്ഥവരുത്തിയിതാവാനപ്പോൾ
അതു നിജതിരുമനസ്സാദരാലെ
അറിഞ്ഞുടൻ ഝടുതിയിലാവാനോട്
അരുൾചെയ്തിതാ വന്നാശാരിയെന്ന്
അവ്വനമരുൾവഴികേട്ടിട്ടാവാൻ
അതുതെളിവരചനിലായിക്കൊണ്ട്
അറിയിച്ചു യാത്രകൽപ്പനവാചാൽ
വചനമിതരുളിയ തോമ്മായോട്
തരുവിതിനിഹ വേണ്ടുംവണ്ണം
വഴിപോലെ തിരിച്ചരുൾ ചെയ്യുമ്പോൾ
വചനമിതരുളിയതോർത്തുകേട്ടു
അകതാരിലിവരുടെ കോലംകണ്ട്
വാക്കുവശത്താലുള്ളു ഞടുങ്ങി
വഴങ്ങിയതവനിയിൽ വീണുതോമ്മാ
വരുവതിൽ വിനകളിൽ കേണു നിന്നു
വലുതായിട്ടുള്ള പീഡകളിതുപോൽ.

(ഏഴാം പാദം)

എന്നെ നീ കാത്തല്ലൊ ഏറ്റങ്ങളേശാതെ
എന്നതും പാഴായിട്ടേകുന്നു ദൈവമേ
ഹിന്ദുവെന്നുള്ള നാടേറിയ സർപ്പങ്ങൾ
എന്നിവയെന്നിയെ ഏറ്റമാം ജന്തുക്കൾ
നാണമില്ലാതുള്ള നായനുണ്ടാദിക്കിൽ
നാളില്ലെ കോളില്ലെ നന്നായി ചൊല്ലില്ലെ
നാടെല്ലാം കാടല്ലൊ നായനെയെന്നെ നീ
നന്നായി കൈവിട്ടോ നാടിട്ടേച്ചാഴത്തിൽ
മാറാനെ ഹിന്ദുവിൽ മാനുഷരല്ലല്ലൊ
മാനുഷരെന്നപോൽ മനതാരിലില്ലല്ലൊ
മണ്ണിലെ മണ്ണുപോൽ മാറ്റമില്ലെങ്ങുമേ
മറ്റെല്ലാം നാടോടെ മാർഗ്ഗങ്ങളെന്നില്ല.
ചത്ത ശവത്തിനെ ചന്തമായ് വേൾക്കുന്നു
ചത്താലോ മത്സ്യം പോൽ ചുട്ടല്ലൊ മുടുന്നു
മക്കളെന്നൻപില്ല മാൽചെയ്യും തങ്ങളിൽ
മക്കൾക്കുമവ്വണ്ണം മനതാരിലില്ലല്ലൊ
മറ്റെല്ലാ നാട്ടിലും മാറാനേയീരണ്ടു
മാറ്റവൻമാരെല്ലൊ മാറാതെ പോകുന്നു
മാറാനെപ്പോലെന്നെ മായോനെ കല്പിച്ചൊ
മാറ്റവൻ കുറ്റനായ് മാലൊഴിപ്പോരില്ലെ

(എട്ടാം പാദം)

എന്നിവയെല്ലാം കണ്ണുനീരാലെ തോമ്മായുണർത്തിച്ച നേരം
എങ്ങും വിളങ്ങുന്ന നായൻ മിശിഹാ പേർത്തരുൾ ചെയ്‌വാൻ
തുടങ്ങി
നീയൊരുവൻ താനെന്നൊരു ചിന്ത ഉള്ളിൽ നിനക്കഴൽ വേണ്ട
നിന്നോടുകൂടെ ഞാനുണ്ട് കൂട്ട് നീ പോകുന്നാടതിലെല്ലാം
മാനുഷരെല്ലാ ഹിന്ദുവിലെന്നു പാഴിൽ നിനക്കഴൽ വേണ്ടാ
മാനുഷരെല്ലാ ജാതികളും പിന്നെ മാൽചെയ്യും ജന്തുക്കളെല്ലൊ
നിന്നുടെ വാക്കും നിനവുകളും നോക്കും ഭാഷയറിഞ്ഞു തകിടും
നിൻ നിനവെല്ലാമെൻ നിനവല്ലൊ നീയുറയ്ക്കാകുലം വേണ്ട
എന്നതിനാലിപ്പോൾ ഞാനിന്നു നിന്നെയും വിറ്റു വില
വാങ്ങിയെന്നാൽ
ഏഴുമൊഴികളേഴും തികപ്പാനായ് ചീട്ടു കൊടുക്കുന്നു വേറെ
ഈ മൊഴിയാവാൻ കേട്ടുടനൻപിൽ ആദിപെരിയോനെ നോക്കി
ഈടേറ്റം കൊൾവാൻ കാശുകൊടുത്തു കയ്യെഴുത്തൻപോടെ വാങ്ങി
ത്രിലോകനാഥൻ കാശെടുത്തൻപാൽ തോമ്മാടെ പക്കൽ
കൊടുത്തു

തൃപ്തി വരുമ്പോലൻ പാലരുൾ ചെയ്ത യാത്രാവിധിച്ചഴകാലെ
അരുൾകേട്ടൻപാലൊത്തു നടന്നു യാനപാത്രമതിലേറി
ആരുയിരോന്റെ കാരുണ്യത്താലെ ചോഴനിരിപ്പിടത്തായി
കണ്ടുപറഞ്ഞ വാക്കുവശത്താൽ ഇണ്ടലൊഴിഞ്ഞതു ചോഴൻ
കാൺകെവരച്ചുടൻ കയ്യാലെ രൂപം ശ്ലോമ്മോൻ ചമച്ചൊരു കോവിൽ
ചിന്ത തെളിഞ്ഞീടുവാനൊരുവേലകൾ ഇല്ലിതുപോൽമറ്റും പാരിൽ
ചിത്രമടക്കമായ് കാഴ്ചയിയെല്ലാം കാണുന്ന ലോകർ മയങ്ങും
ആയതിലേറ്റമായന്നിവർ കണ്ടുടൻ സന്തോഷമായിതു ചോഴൻ
ആകുലമെന്നിയെയിപ്പണികൾക്കായി പോരുമിവനെന്നു കണ്ടു
ചൊല്ലുന്നതെല്ലാം കേൾപ്പതിനായി തോമ്മായോടൊത്തുരചെയ്തു.
ചോഴൻ പറഞ്ഞ വാക്കുകളെല്ലാം കേവലമായിതു കേട്ട്
കാര്യങ്ങളെല്ലാം കാണ്മതിനായി പാടാക്കി ചോഴനെ തോമ്മാ
കാണവും കയ്യാലെ വേണ്ടും പടിയെ മറ്റാലൽസ്യമുള്ളവർക്കെല്ലാം
ആയതും തീരുംപടിപോലെ മറ്റും വേണ്ടവിധങ്ങളും പേശി
ആവോളം നല്ല കല്ലും മരങ്ങളും ആളാലെ കൂട്ടിയടുപ്പാൻ
ആയതിലേതും ബലമായ ദണ്ഡങ്ങൾ ചെയ്യരുതെന്നെക്കുറിച്ച്
ഏറിയാലാണ്ടു തികയുന്നതിൻ മുൻപെ ഞാനവിടേയ്ക്കു വരുവേൻ
ഇപ്പണികൾക്കായിവേണ്ടും കരുവുകളെന്നാലെ വേണ്ടുന്നതെല്ലാം
ഈഴലൊഴിഞ്ഞുടൻ കൊണ്ടുവരുവേൻ എന്നുരചെയ്തതു കേട്ടു

(ഒൻപതാം പാദം)

ചിന്ത തെളിഞ്ഞിതു ചോഴനുമാവാനും
        തന്നുടെ മന്തിരിമാരും
ചിക്കനെ വന്ദിച്ചു യോഗമൊരുമ്പെട്ടു
        ദൈവം ശരണമിതെന്ന്
ചൊല്ലിയൊരുപോൽ നടത്തി നടന്നിതു
        തോമ്മായരുൾവഴി പോലെ
ചോഴൻ പ്രകാശിക്കും നാടു കടന്നുടൻ
        മാർഗ്ഗമറിയിച്ച ശേഷം
പോലിന്റെ പുത്രിയെ വേളി കഴിച്ചതാ-
        മായൊരു കല്യാണം കൂടി
പോരും വഴിക്കുള്ള വാഴ്വുകൊടുത്തതി-
        നേതും തെളിഞ്ഞല്ലക്കാവ്യർ
എന്ന നിമിത്തമായേകനടിച്ചതു
        മാർത്തോമ്മാൻ തന്റെ കവളേൽ
എത്തിയടിച്ചായവന്റെ വലത്തെ കൈ
        വ്യാഘ്രം കടിച്ചു തകർത്തു
അന്നു പാണിയേയും നായ് കടിച്ചങ്ങനെ
        തൂക്കിയിവിടെ വരുത്തി

ഇപ്പടി കണ്ടൊരു പോലുമവനുടെ
നാടതിലുള്ള ജനവും
ഒത്തു നിരൂപിച്ചു വിശ്വസിച്ചൻപാലെ
മാമ്മോദീസായും മുഴുകി
ഒത്തു തിരിച്ച തിരിഞ്ഞിതക്കാവ്യന്റെ
കയ്യും മുറികൂട്ടി തോമ്മാ
മറ്റും പലദിക്കും മ്ളാക്കായും ചീനവും
മാർഗ്ഗമറിയിച്ചശേഷം
മന്നവൻ ചോഴനിരിപ്പിടമായോരു
മയിലാപ്പൂനാട്ടീന്ന് ചെന്ന്
മുൻപിൽ പറഞ്ഞൊത്ത വാക്കിനൊരന്തരം
തോന്നാതിരിപ്പതിനായി
മൂടലൊഴിഞ്ഞവൻ ബോധിക്കത്തക്കപോൽ
വാക്കോടുവേലയും ചെയ്തു.
കാലം കഴിഞ്ഞുടൻ വീണ്ടും പുറപ്പെട്ടു
കേരളനാടെന്നു കേട്ട്
കാരണമായുള്ള കേൾവികളോടൊത്ത്
കൂടിയൊരുമിച്ച് ചെന്ന്
ഊരടുത്തുള്ളൊരു മാലിയാവും കരെ
ചെന്നിവിടത്തിലിരുന്ന്
ഊരാളരോടറിയിച്ചിതു മാർഗ്ഗവും
കേട്ടവരായതിലായി
എപ്പോഴുമെന്നേയ്ക്കും കാത്തരുൾവാനായി
അത്തലണയാതെ കണ്ട്
ദിനമിവർ കുമ്പിട്ടു വന്ദിക്കത്തക്കപോൽ
വളച്ചരുളാലെ കുരിശ്
ഉത്തമനിരുവർക്കു കല്പിച്ചു പട്ടവും
മാർഗ്ഗം നടത്തുംപടിയെ
ഉത്സാഹമേറിപ്പുറപ്പെട്ടു പിന്നെരും
ദക്ഷിണദിക്കിന്നു യാത്ര
ചെമ്മെതിരിച്ചു നടന്നിട കണ്ടതിൽ
ആയതിൽ വേണ്ടുന്നതെല്ലാം
ചെമ്മെ വരുമ്പോളറിയിച്ചു കുരിശതും
വച്ചിതു വേറുവേറായി
ഇങ്ങനെ മാർഗ്ഗമറിയിച്ചതിൻശേഷം
തീർത്തുകുരിശിതു കൊല്ലം,
നിരണവും, കോക്കമംഗലം, കൊട്ടക്കായാൽ
മലമ്പ്രദേശമായ ചായൽ
പാലൂരും പിന്നെ രാജാവിന്നിരിപ്പിടം
കൊടുങ്ങല്ലൂരെന്നിവയേഴും

കർത്താവിൻ നാമത്തെ കെല്പോടെ തോമ്മായും
ഉത്സാഹാലറിയിച്ചീടുമ്പോൾ
അക്കാലം ചോഴൻ കുടികളടിയാരും
പേപിടിച്ചന്യവഴിക്ക്
ആകെയൊരിമ്പിട്ടു കുറ്റങ്ങളധികമായ്
തോമ്മായെ ക്കൊണ്ടവർചൊല്ലി
അറിയിച്ചറിഞ്ഞതിൽ കോപിച്ചു ചോഴനും
ആളയച്ചെങ്ങുമേ നീളെ
ആയതറിഞ്ഞവനൊന്നിലുമഞ്ചാതെ
നേരെ പുറപ്പെട്ടു തോമ്മാ
കണ്ടുപറഞ്ഞവർകൊണ്ടു പുറപ്പെട്ടു
ചോഴനരികത്തണഞ്ഞു
കാര്യവഴിക്കല്ലൽ തീണ്ടാതെ പോലുള്ള
വാക്കുകൾ ചോഴൻ പറഞ്ഞു
കാലം പെരികെച്ചെന്നെത്തി കനകവും
കല്ലും മരങ്ങൾക്കും വേണ്ടി
കണ്ടില്ലടിസ്ഥാനം പോലുമതിന്നൊരു
രൂപം തിരിഞ്ഞതുമില്ല
കല്ലും മരങ്ങളും കണ്ടു മുഷിഞ്ഞിതെ
കുന്നും മലകളും പോലെ
കാണും ജനങ്ങളും ഭാഷിച്ചുചൊല്ലുന്നു
ചോഴന്റെ കോവിലിതെന്ന്
കണ്ടുമരിപ്പതിന്നാശയിനിക്കുണ്ട്
കോവിലുതീരുംപടിയെ
കാരുണ്യമെന്നിൽ നിനക്കുണ്ടെന്നാലിപ്പോൾ
താമസിയാതിതു ചെയ്ക
ഇപ്പടി ചോഴൻ പറഞ്ഞതു കേട്ടുടൻ
തോമ്മാ പറഞ്ഞുതുടങ്ങി
ഈഴലൊഴിഞ്ഞിതു കേൾക്കണമിന്നെന്നെ
കോപങ്ങൾ കൂടാതെ കണ്ട്
കല്ലും മരങ്ങൾക്കുമായ കനകങ്ങൾ
കൊണ്ടു നിനക്കൊരു കോവിൽ
കണ്ടാൽ മതിവരുംപോലുണ്ടുതീരുന്നു
കാണാം നിനക്കെന്നറിക
ചിത്രം വിചിത്രങ്ങളെത്ര മനോഹരം
ആയതിലുണ്ടല്ലോ കാണ്മാൻ
ചിന്ത തെളിയും പടിയുള്ള വാതൽകൾ
മുത്തോടു വൈരം പതിച്ച്
അൻപരിലൻപനിരിക്കുമക്കോയിക്കൽ
ഒൻപതു തട്ടുകളുണ്ട്

അന്തിയൊരിക്കലുമില്ലേയക്കോയിക്കൽ
ചെന്നിടക്കൂടുന്നവർക്കു
മൃത്യുവഴിയായി മർത്യരതിൽ ചെന്നാൽ
അല്ലലില്ലാമഹാഭാഗ്യം
ആദിത്യരശ്മിയും നാണിക്കുമാറതിൽ
മാണിക്യമായൊരു ദീപം
അതിനൊരുമന്ദമൊരിക്കലുമില്ലവെ
നീയറിചോഴായിതെല്ലാം
ആധി തുടങ്ങിയൊരാർത്തിയതിൽ പുക്കാൽ
ഇല്ലെ മനുവതിൽ പാർത്താൽ
നിശീതിയിലെന്നൊരു ഭീതികളില്ലതിൽ
അത്തൽവരും വഴിയേതും
കോയിക്കലായതിൽ പോകുവതിനായി-
ട്ടൊണ്ടു വഴികളും പത്ത്
ഗോപുരമായതിലേറുവതിന്നായി
ഏഴൊണ്ടു കോവണി ചേർന്ന്
ഇത്ഥമാം വാക്കുകൾ കേട്ടിട്ടു രാജനും
ഉത്തരമായരുൾ ചെയ്തു
ഇച്ചരയിനിക്കൊണ്ടു നിന്നുടെ വാക്കുകൾ
കേൾപ്പതിനിന്നിയുമേറെ
നേരവുമുണ്ടതിനാക്കംതരും ദൈവം
നാളെയുമാവുന്നതല്ലോ
നേരെതിരിച്ചു നടക്കണന്നാമിപ്പോൾ
ചെന്നടുത്താ വീടു കാണ്മാൻ
ഇന്നല്ല നാളെയതെന്നു നീ ചൊല്ലുകിൽ
ഇഷ്ടമിനിക്കില്ല നിന്നെ
ഇഷ്ടമെനിക്കൊണ്ടു നിന്നെക്കുറിച്ചുള്ളിൽ
ദയവൊണ്ടു മാനവുമെന്നാൽ
നിഷ്ഫലമായിതു വന്നു കഴിയുമെ
ഇനിയരനാഴിക പാർത്താൽ
നിമിഷമെടുക്ക നീ വേണ്ടുന്നവയെല്ലാം
താമസമേതുമരുത്
ഇച്ചരയിലല്ലിവൻ ചൊല്ലുന്ന വാക്കുകൾ
എന്നുറച്ചാനേരം തോമ്മാ
കടുകിലും ഈർച്ചവരികിലും
നേരുപറയണമെന്ന്
വിശ്വാസമുള്ളുറച്ച പ്രിയമെന്നിയെ
കേൾപ്പിച്ചു ചോഴനോടപ്പോൾ

നീ പിടഞ്ഞാലിന്നു കാണുന്ന ദിവസവും
　　കയ്യടുത്തില്ലെന്നറിക
കാണാമാക്കോയിക്കൽ നീ മരിച്ചാലുടൻ
　　പുക്കതിലായിക്കൊള്ളാമെ
കാരണമായ ഭവനമതു തന്നെ
　　കാണം കൊടുത്തു നീ തേടി
ഈ മൊഴി കേട്ടുടനൊന്നും പറയാതെ
　　മന്ദിച്ചു നിന്നൊരു ചോഴൻ
ഇപ്പടിമന്ദിച്ചോരാലസ്യം തീർന്നുടൻ
　　സിംഹമലറുന്നപോലെ
കോപിച്ചു ചൊല്ലിപ്പിടിപ്പിച്ചു തോമ്മായെ
　　കൊണ്ടെ വിലങ്ങിടത്താക്കി
കൊല്ലണമെന്നിട്ടുകൂടെ പിടിപ്പിച്ചോ-
　　രാവോനും വിലങ്ങിടത്തായി.

(പത്താം പാദം)

ഈവണ്ണം കെട്ടുംകീഴായവാറെ
ഇവരെക്കൊണ്ടവ്വണ്ണം വേണമെന്ന്
ഇണ്ടൽപെരുത്തു വിളിച്ചു ചോഴൻ
തമ്പിയേ തമ്പിവാ അണയത്തെന്ന്
തമ്പിയും താനുമായ് വേണ്ടുവോളം
കാര്യാകാര്യങ്ങളെ ചിന്തിക്കുന്നു.
അല്ലലായ് രാജനീവണ്ണം ചൊന്നാൽ
എന്നുടെ തമ്പി നീ കേൾക്കവേണം
തരമിപ്പോൾ നമ്മുടെ വാഴ്ചക്കാലം
പെട്ടപോൽപെട്ടിട്ടില്ലാർക്കും മുമ്പേ
നാടുവാഴുന്ന നൃപന്മാർക്കാർക്കും
നാണക്കേടിതുപോലെ വന്നിട്ടില്ല
നാടിനി ഞാൻ വാഴ്വാൻ യോഗ്യം പോരാ
തമ്പി നീ വേണ്ടുംപോൽ പരിപാലിക്ക
അന്നേരം തമ്പിയും അല്ലലോടെ
അത്തൽപെട്ടൊരു ദണ്ഢം ഉള്ളിലായി
അതുതന്നെയാദിയായ് ദണ്ഡങ്ങളും
ചിക്കനെ ചേർന്നു വശം കെട്ടുള്ളിൽ
അരുളാലെ നാൾതോറും വർദ്ധിച്ചേറി
ആത്മാവു മാലാഖാമാരെടുത്ത്
ആകാശെ കൊണ്ടങ്ങു ചെന്നനേരം

ചോഴന്റെ പേർക്കില്ലം കുറിയിൽ കണ്ടു
അക്കുറി വായിച്ച് അറിഞ്ഞശേഷം
അകംപുക്കു കണ്ടവനതിൽനിന്നെല്ലാം
അമ്പോടെ മൂന്നിനുമിമ്പംപോലെ
ആവോളം തരമുണ്ടെ പേർത്തുചൊൽവാൻ
മാനുഷജാതിക്കകപ്പെടുന്നു
മാലെല്ലാമതു ചെന്നു കണ്ടാൽ തീരും
മതിപോരും രാജാക്കൾ വാഴും കോയിൽ
എന്നെല്ലാം നന്നായിക്കണ്ടോരാത്മം,

(പതിനൊന്നാം പാദം)

ആനന്ദം വരുമാറു മാലാഖാമാർ
ആകാശെ നിന്നിങ്ങു ലോകം ചേർന്നു
ആചാരജഡരമടക്കുംപോലെ
ആകയാൽ കൂടി പൊതിയുന്നപ്പോൾ
ആത്മാവും ജഡരത്തിൽ പൂരിച്ചുടൻ
ആലസ്യം കൂടാതുയർത്തു രാജൻ
ആരുയിരായോനെ സ്തുതിചെയ്തവൻ
ആരോടും ചൊല്ലാതവനിൽ നോക്കി
അതു പൊഴുതണ്ണന്റെ മുമ്പിൽ ചെന്നു
ആദരാൽ നിന്നവൻ കൈകൾ കൂപ്പി
അതുനേരം വന്നിങ്ങണഞ്ഞു ചോഴൻ
ഇഛയാലോർത്തു തഴുകിക്കൊണ്ട്
കീർത്തിച്ചു വഴിപോലറിയിച്ചാറെ
കൃത്യമിതെല്ലാർക്കും വേണമെന്ന്
കീർത്തിയാൽ ചെന്നു വിലങ്ങും വീട്ടിൽ
കഷ്ടങ്ങൾ ദുഷ്ടർക്കു പെട്ടപോലെ
പെട്ടൊരു മുനിവരൻ തന്നെക്കണ്ട്
കാക്കൽ വീണഴുതു പിഴയും ചൊല്ലി
കുമ്പിട്ടു നിന്നവൻ കെട്ടുംനീക്കി.

(പന്ത്രണ്ടാം പാദം)

കൊണ്ടുനടക്കുന്ന നേരം പലരും
കോയിക്കലൊണ്ടതു കാണ്മാനിതെന്നും
കൊണ്ടെക്കുലചെയ്‌വേനെന്നും ചിലർ
കൊണ്ടെവിലങ്ങിടത്തിടുവാനെന്നും
തല്ലിമുറിച്ചുതച്ചീടുവാനെന്നും
താമസമില്ലിപ്പോളറിയാമെന്നും

പോരുമിച്ചോരന്റെ പണികളെന്നും
പോരുവീനെന്തു നമുക്കിതിലെന്നും
പോകാതെ നില്ലുനില്ലെന്നും ചിലർ
ഇത്തരമോരോന്നു കണ്ടവരോരോ
വിസ്താരമായവർ ചൊല്ലുന്നേരം
കൊണ്ടക്കുലചെയ്‌വാനിതെന്നും ചിലർ
കൊല്ലാതെ കൊണ്ടുപോയിക്കളവാനിതെന്നും
അങ്ങനെ മാനുഷർ പേശുന്നനേരം
വേണ്ടുംതരമുള്ള സ്നേഹങ്ങളാലെ
കൊണ്ടുചെന്നവരെ കോവിലകത്തു
ഗോപുരമേറ്റിയിരുത്തുന്നേരം
രോഷമൊഴിഞ്ഞൊരു ശ്ളീഹൻ തോമ്മാ
കോളതിലില്ലാതെ പ്രിയമുറച്ചു
ചൊല്ലിയറിയിച്ചറിഞ്ഞവർമാർഗ്ഗം
ചോഴരിരുവരും ആവാനും പിന്നെ
മാറിയൊഴിഞ്ഞുള്ള മാനുഷരെല്ലാം
ഘോഷമൊഴിയാതെ മറ്റും പലരും
ആവോളം നല്ല ബഹുമാനത്താലെ
സന്തോഷമായൊരു മാമ്മോസായും
മൂവരൊരുമയാലൊത്തു മുഴുകി
മൂടലൊഴിഞ്ഞവർ മാർഗ്ഗമെടുത്തു.

(പതിമൂന്നാം പാദം)

മാണിക്കക്കല്ലായ മാർഗ്ഗം നാളിൽ നാളിൽ തെളിയുന്നു
മാറ്ററ്റുള്ള നിവ്യാളന്മാർ മെല്ലേമെല്ലേച്ചവളുന്നു
മാമ്മോദീസാ മുഴുകുന്നവരും നാളിൽ നാളിൽ പെരുകുന്നു
മാർഗ്ഗം നേടാക്കാവ്യരെല്ലാം കാണക്കാണക്കുറയുന്നു
ലോകവീതിനീളെ മാർഗ്ഗമ്മേറിയേറ്റം വളരുന്നു
ലൌകികങ്ങൾ നീളെ നീളെ ചൊല്ലിപ്പലരും ചേരുന്നു.
എന്നതിനാലെബ്രമ്മാരുമേറിയേറ്റം മുതിരുന്നു
എങ്ങുമൊക്കെ മാർത്തോമ്മേനെ തേടിക്കാണാഞ്ഞുഴലുന്നു
കണ്ടില്ലെന്നു ചൊല്ലുന്നവരെക്കണ്ടാലധികം ചീറുന്നു
കണ്ടുംകൊണ്ടും ചൊല്ലാഞ്ഞിഷ്ടന്മാരൊടൊക്കെച്ചീറുന്നു
അക്കാലത്തിൽ മാർത്തോമ്മാനും ദൈവകൃത്യാലൊരുകാവിൽ
ആവഴിക്കുപോവാനായി ചെന്നുകണ്ടവരതുനേരം
കണ്ണിമാരിടയിലൊക്കെകൂടിച്ചേർന്നവരൊരുപോലെ
കാരിരുളിലായ പഞ്ചമഞ്ചും തെളിവാൽ ചൊല്ലുന്നു
കുമ്പിട്ടു നീ കാളിയാരെ കൂപ്പിക്കൈകളടിവീണാൽ
കൂട്ടിത്തരാം പായസവും തിന്നുകൊണ്ടു വഴിപോക

എന്നനേരം മാർത്തോമ്മാനും കോപിച്ചവരോടു ചൊല്ലുന്നു
എന്നനേരം മാർത്തോമ്മാനും ചൊല്ലി മനസില്ലെന്ന്
എന്നതെന്യേ കുമ്പിടുകിൽ തീവീണഴിയും കാവെല്ലാം
കുമ്പിടുകയില്ല ഞാനും കാളിയാരെ ഒരുനാളും
കാവഴിയുമെന്ന വാക്കിൽ ശ്വാസിച്ചവരും ചൊല്ലുന്നു
കാണവേണം കാവഴികിൽ നേരു പറഞ്ഞതു നീയല്ലൊ
അപ്പോളാശു മാർത്തോമ്മാനും പെട്ടെന്നുടനെ കാളിയെ
ആക്കമേറി നോക്കിക്കൊണ്ടു കല്പിച്ചാക്കാവെരിവാനായ്
കേട്ടനേരം സാത്താനായും കത്തിച്ചാക്കാവെരിതീയാൽ
കാളിയാരും മാർത്തോമ്മാന്റെ കാക്കൽ വന്നൊരു നായേപ്പോൽ
എന്നതെല്ലാം കണ്ടലോകരാകെച്ചാടിയോടുന്നു
എമ്പ്രാന്മാരും ചാടാതോടാതേറ്റം കാവൽ തോമ്മായെ
കാത്തുനോക്കി പേർത്തുപേർത്തു സൂക്ഷ്മമേറിയേറ്റവും
കാൽക്കൽ വീണ കാളിയാരും മാറിയോടിപ്പോകുന്നു
കാവും തീയും കാറ്റും കൂടെ കോടാതേറ്റം കാളുന്നു.
കായം തേടിയോടുന്നവരും കാളിയാരെ പിരാകുന്നു
ദീനമേറിയുള്ളവരും തീയോടേറ്റം തീണ്ടാതെ
സീമ കൂടാതോരോകൂട്ടമോർത്തുകേട്ടു കോപിച്ചു
തീയിൽ വീണു വീണ്ടും തീയിൽ വീഴവേണ്ടവരൊക്കെവേ
തീയാൽ വേകുന്നേകൻ ചാടി പേശ വേണ്ട മാർവത്ത്
പൂണ്ടു നീണ്ട മൂർച്ചക്കോലും വാങ്ങി നിന്നന്നോങ്ങുമ്പോൾ
ഭൂമി വാനം തേടിയോനെ കാണ്മാറായീ മുമ്പാകെ.

(പതിനാലാം പാദം)

മനോഗുണമുടയവനരുളാൽ വാനവർ
മഹിമയൊടെത്തിയണഞ്ഞുടനെ
മറുതല നെറികെടുമതിനൊരു തേരതിൽ
മംഗലമായവർ പൂകിച്ചേ
കൈക്കൊണ്ടവരൊരു ഞൊടിയളവാൽ
ചെന്നറിയിച്ചവർ ചിന്നമലയ്ക്കെ
കരുണയൊടിതുവഴി ചൊൽവതിനഴകാൽ
അങ്ങുമിങ്ങുമ്മനസ്സിതു പരിചേ
നനലമൊടു പലവക കിന്നരമഴകാൽ
നന്തുനീയും കുഴൽ പലതരമേ
നന്മവരും വക പലമൊഴിയൊരു സ്തുതി
നന്നായ് മലക്കുകൾ പുലമ്പിതേ
ഉടമ്പിൽ നിന്നുയിരെടുത്താകാശെ
ഉയിരവനിരിപ്പിടം പൂകിച്ചേ
ഉടമയിലുടയവനുടമ്പെടുത്തഴകാൽ
നന്മ നിറഞ്ഞൊരു പള്ളിയിലെ

വച്ചിതു ധനമിതു മക്കളുമനുദിനം
അരുളുവഴിക്കു നടപ്പവരെ
വൻവിനയൊഴിയപ്പെരിയവനരുൾവഴി
തിറമൊടു തേടിപ്പുലരാമേ
മാർത്തോമ്മാശ്ളീഹായുടെ ചരിത്രപരമായ
മാർഗ്ഗം കളിപ്പാട്ടു സമാപ്തം *

# മംഗള ഗാനം

അംബുജതീരത്തിൽ നേർവഴിക്കെന്നിയേ
കന്നിവസിക്കും പള്ളി ശരണം
അംബരത്തിൽ മനം വെല്ലുന്ന താകിയ
കാതൽ മികച്ച പള്ളിശരണം
മൂലമായുള്ളീക്കടുത്തുരുത്തീൽ വാഴും
കന്നിമറിയമേ നിൻശരണം
നിലമുറ്റമാണിക്കക്കല്ലെന്നു പേർ ചൊല്ലും
കീർത്തി പെരുത്തൊരു പള്ളി
കന്നി വസിക്കുമുദിയംപേരൂർ വാഴും
കന്തിശങ്ങളെ നിങ്ങൾ ശരണം

---

* രണ്ടാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ഉറഹാ (എദേസ്സാ) പട്ടണനിവാസിയായ ബർദാസാൻ എന്നു പേരുള്ള ഒരു സുറിയാനി ഗുരുഭൂതനാൽ രചിക്കപ്പെട്ടതാണെന്ന് ചരിത്രകാരന്മാർ വിശ്വസിച്ചുപോരുന്ന 'മാർത്തോമ്മാശ്ളീഹായുടെ നടപടികൾ' എന്നു പറയപ്പെടുന്ന സുറിയാനി ചരിത്രത്തിലെ സംഗതികളുടെ ഒരു ചുരുക്കമാണ് ഈ മാർഗ്ഗം കളിപ്പാട്ടിൽ അടങ്ങിയിരിക്കുന്നത്. ഇതിനാൽ ഈ ചരിത്രത്തിന്റെ പുരാതനത്വം എത്രമാത്രമുണ്ടെന്ന് നിർണ്ണയിക്കാവുന്നതാണല്ലോ. 1603-ൽ മരണം പ്രാപിച്ച കീർത്തിപ്പെട്ട ജസ്വീറ്റു ചരിത്രകാരനായ പീറ്റർ മഫെയ് എന്ന ദേഹം 1589-ൽ ലത്തീനിൽ അച്ചടിപ്പിച്ചു പ്രസിദ്ധപ്പെടുത്തിയ ഇന്ത്യാവിവരണങ്ങൾ അടങ്ങിയ രണ്ടാം പുസ്തകം 210-ാം പുറം മുതൽ മാർത്തോമ്മാശ്ളീഹാ മലയാളത്തുവന്ന് സുവിശേഷം പ്രസംഗിച്ചതും മൈലാപ്പൂരിൽ വേദസാക്ഷിയായി മരിച്ചതും മറ്റും അടങ്ങിയ സംഗതികൾ സംഗീതങ്ങളായി സുറിയാനിക്കാർ പാടിക്കളിച്ചു വരുന്നു എന്നും മറ്റും പ്രസ്താവിച്ചിരിക്കുന്നത് ഈ മാർഗ്ഗംകളിപ്പാട്ടിനെ ഉദ്ദേശിച്ചാണ്. ഈ കളി സാധാരണ കല്യാണ തിങ്കളാഴ്ച രാത്രിയിലാണ് നടത്തപ്പെടുന്നത് കളിയുടെ ക്രമം ഇപ്രകാരമാണ്;-മിശിഹായുടെ സാദൃശ്യമായ ഒരു വിളക്ക് കല്യാണപ്പന്തലിന്റെ നടുക്കു സ്ഥാപിച്ചുകൊണ്ട് പന്ത്രണ്ടുപേർ വിളക്കിനു ചുറ്റും പലവിധ ലയങ്ങളുള്ള ഈ പാട്ടിലെ ഓരോ പാദത്തിലും പ്രത്യേകം പ്രത്യേകം ചുവടും കയ്യും എടുത്തുകൊണ്ട് വട്ടത്തിൽ കളിക്കയും ഒടുവിൽ മംഗളഗാനം പാടി അവസാനിപ്പിക്കുകയും ചെയ്യുന്നു. ഈ കളിയിൽ പ്രത്യേകം പരിചയവും വാസനയുമുള്ളവർ കടുത്തുരുത്തി, കോട്ടയം മുതലായ മേൽ വിവരിച്ച പള്ളി ഇടവകകളിൽ ഉൾപ്പെട്ട ജനങ്ങളുടെ ഇടയിൽ മാത്രമേയുള്ളൂ.

അമ്പാലഴകിയ വെമ്പലനാടതിൽ
വൻപു മികച്ച കോട്ടയകത്ത്
വാഴും തരുതായ്ക്കൾ പാടി സ്തുതിക്കുന്ന
മർത്തമറിയമേ നിൻ ശരണം
കന്നിയിരിപ്പിടമാകുന്ന ചുങ്കത്തിൽ
വാഴുന്ന മർത്തീനെ നിൻശരണം
വൻപു തിങ്ങീടുന്ന കല്ലുശ്ശേരിൽ വാഴും
അമ്പറ്റ കന്നിയെ നിൻ ശരണം
ആദരാൽ പൈങ്ങളം തന്നിലമരുന്ന
ദൈവജനനിയെ നിൻ ശരണം
കീർത്തിയോടെ ഉഴവൂരിൽ വസിക്കുന്ന
മാറെസ്തപ്പാനോസെ നിൻ ശരണം

ഏറ്റമഴകാലെ പുന്നത്തുറെ വാഴും
മാർത്തോമ്മാ ശ്ളീഹായെ നിൻശരണം
ഭംഗി ചേർന്നുള്ളൊരു കൈപ്പുഴ വാഴുന്ന
മാർഗ്ഗീവറുഗീസേ നിൻ ശരണം
പിറവത്തിൽ പള്ളിയിൽ കീർത്തിയോടെ വാഴും
പൂജരാജാക്കൾ ശരണമെന്ന്
കോട്ടയകത്തിടയ്ക്കാട്ടു പള്ളീൽ വാഴും
മാർ ഗീവറുഗീസേ നിൻ ശരണം
ചൊല്ലേറും കുമരകം തന്നിൽ വസിക്കുന്ന
യോഹന്നാനെപ്പോംസേനെ ശരണം
ചേലുറ്റ കണ്ണങ്കര വസിച്ചീടുന്ന
പ്രംസിസ്കോസ് സാവ്യരേ നിൻ ശരണം
ചേലോടഴകിയ നീണ്ടൂർ വാഴുന്നോരു
മിഖായേൽ മാലാഖാ നിൻ ശരണം

മേൽ ചേർത്തിട്ടുള്ള പള്ളിപ്പാട്ടുകൾ തെക്കും ഭാഗക്കാരുടെ പള്ളികളുടേതാണ്. ഇനി വടക്കുംഭാഗരുടെ പള്ളികളുടെ പാട്ടുകൾ കിട്ടിയിടത്തോളം മൂന്നാം ഭാഗമായി ചേർത്തുകൊള്ളുന്നു.